2023
OCTOBER
13
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## ഹുറൂൺ പട്ടിക: യൂസഫലി ഏറ്റവും സമ്പന്നനായ മലയാളി, ഡോ. ഷംഷീർ വയലിൽ രണ്ടാമത്

**മുംബൈ:** സമ്പന്നരായ മലയാളികളുടെ പട്ടികയിൽ ആദ്യ ഒന്നും രണ്ടും സ്ഥാനങ്ങളിൽ ലുലു ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ എം.എ യൂസഫലിയും, ബുർജീൽ ഹോൾഡിങ്സ് സ്ഥാപകനും ചെയർമാനുമായ ഡോ. ഷംഷീർ വയലിലും. 55,000 കോടി രൂപയുടെ ആസ്തിയുമായാണ് യൂസഫലിക്കുള്ളത്. റേഡിയോളജിസ്റ്റും യുഎഇയിൽ ആരോഗ്യ സംരംഭകനുമായ ഡോ. ഷംഷീറിന് 33,000 കോടി രൂപയുടെ ആസ്തിയുമുണ്ട്.

ഹുറൂൺ ഇന്ത്യയും 360 വൺ വെൽത്തും സംയുക്തമായി പുറത്തിറക്കിയ സമ്പന്ന പട്ടികയിലാണ് ആദ്യ അമ്പതിലെ മലയാളി തിളക്കം. പട്ടികയിൽ 25ാംസ്ഥാനത്താണ് എംഎ യൂസഫലി. ഡോ. ഷംഷീറിന്റെ റാങ്ക് 46.

31,000 കോടി രൂപയുടെ ആസ്തിയുമായി ഇൻഫോസിസ് സഹസ്ഥാപകൻ ക്രിസ് ഗോപാലകൃഷ്ണനാണ് മലയാളികളിൽ മൂന്നാം സ്ഥാനത്ത്. ദേശീയ റാങ്കിൽ 53 ാം സ്ഥാനവും അദ്ദേഹത്തിനുണ്ട്. ആലുക്കാസ് ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ജോയ് ആലുക്കാസ് 27,600 കോടി രൂപ (റാങ്ക് 68), ജെംസ് ഗ്രൂപ്പ് മേധാവി സണ്ണി വർക്കി 26,000 കോടി (റാങ്ക് 76) എന്നിവരാണ് ആദ്യ 100ൽ ഇടം നേടിയ മറ്റു മലയാളികൾ.

ഗൗതം അദാനിയെ പിന്തള്ളി മുകേഷ് അംബാനി വീണ്ടും ഒന്നാമതെത്തിയ ഈ വർഷത്തെ ഇന്ത്യൻ സമ്പന്ന പട്ടികയിൽ ആയിരം കോടിയിലധികം ആസ്തിയുള്ള 1,319 പേരാണുള്ളത്.

## വിഴിഞ്ഞം തുറമുഖം: ആദ്യഘട്ടം മേയിലെന്ന് അദാനി ഗ്രൂപ്പ്

**തിരുവനന്തപുരം:** വിഴിഞ്ഞം തുറമുഖം 2024 ഡിസംബറോടെ പൂർണമായി പ്രവർത്തന സജ്ജമാകുമെന്ന് അദാനി വിഴിഞ്ഞം തുറമുഖ കമ്പനി സി.ഇ.ഒ രാജേഷ് ഝാ വാർത്താസമ്മേളനത്തിൽ പറഞ്ഞു. മേയിൽ ആദ്യഘട്ട നിർമ്മാണം പൂർത്തിയാകും. തുടർന്ന് പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തനം തുടങ്ങും. ഇതിനു ശേഷമാകും കമ്മിഷൻ ചെയ്യുക. ഇതോടെ ചരക്കുകപ്പലുകൾ എത്തിത്തുടങ്ങും.

തുറമുഖം പ്രവർത്തന സജ്ജമാകുന്നതോടെ ലോകത്തിലെ ഏറ്റവും വലിയ ചരക്കുകപ്പലിനും നങ്കൂരമിടാൻ സാധിക്കുന്ന ഇന്ത്യയിലെ ഏക തുറമുഖവുമായി വിഴിഞ്ഞം മാറും. സംസ്ഥാനത്തിന്റെ വികസനത്തിന് വൻകുതിച്ചു ചാട്ടമുണ്ടാകും. ആദ്യഘട്ടത്തിൽ 1.5 ദശലക്ഷം ടി.ഇ.യു ആയിരിക്കും തുറമുഖത്തിന്റെ ശേഷി. രണ്ടാംഘട്ടത്തിൽ 2.5 ദശലക്ഷം, മൂന്നാംഘട്ടത്തിൽ 3 ദശലക്ഷം ടി.ഇ.യുവുമായി ശേഷി ഉയർത്തും.

ചരക്കുനീക്കത്തിന് ആദ്യഘട്ടത്തിൽ 32 ക്രെയിനുകളാകും ഉണ്ടാവുക. എട്ട് ഷോർ ക്രെയിനുകളും 24 യാർഡ് ക്രെയിനുകളും. കഴിഞ്ഞദിവസമെത്തിയ ആദ്യ കപ്പലിൽ ഒരു ഷോർ ക്രെയിനും 2 യാർഡ് ക്രെയിനുകളുമാണുള്ളത്.പ്രധാനമായും ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖമായാണ് പ്രവർത്തിക്കുക.

മദർഷിപ്പുകളിൽ എത്തുന്ന കണ്ടെയ്നറുകളിൽ 90 ശതമാനം ട്രാൻസ്ഷിപ്പ്മെന്റ് രീതിയിൽ ചെറുകപ്പലുകളിലേക്ക് മാറ്റി ലക്ഷ്യസ്ഥാനത്ത് എത്തിക്കും. ശേഷിക്കുന്ന 10 ശതമാനം റോഡ്, റെയിൽ മാർഗം അയയ്ക്കും.

ആഭ്യന്തര കണ്ടെയ്നറുകളാണ് വിഴിഞ്ഞത്ത് എത്തുക. അതിനാൽ കൊളംബോ, ദുബായ്, സിംഗപ്പൂർ തുറമുഖങ്ങൾക്ക് വിഴിഞ്ഞം ഭീഷണിയാകില്ല.

## സിറിയയെ ആക്രമിച്ച് ഇസ്രയേൽ, രണ്ട് വിമാനത്താവളങ്ങൾ തകർത്തു




**ടെൽ അവീവ്:** ഗാസയിൽ കനത്ത വ്യോമാക്രമണം തുടരുന്ന ഇസ്രയേൽ സിറിയയെയും ആക്രമിച്ചു. ഇറാൻ വിദേശകാര്യമന്ത്രി ഇന്ന് സിറിയയിൽ എത്താനിരിക്കെയാണ് യുദ്ധത്തിന് മറ്റൊരു മുഖം നൽകുന്ന ആക്രമണം.തീവ്രവാദി ഗ്രൂപ്പുകൾക്ക് ഇറാനിൽ നിന്ന് ആയുധങ്ങൾ വരുന്നത് തടയാൻ ഇസ്രയേൽ മുമ്പും സിറിയൻ വിമാനത്താവളങ്ങളും തുറമുഖങ്ങളും ആക്രമിച്ചിട്ടുണ്ട്. ഇറാൻ പ്രസിഡന്റ് ഇബ്രാഹിം റൈസി സിറിയൻ പ്രസിഡന്റ് അസദുമായി ഫോണിൽ സംസാരിച്ചു.

സിറിയൻ തലസ്ഥാനമായ ഡമാസ്കസിലെയും വടക്കൻ നഗരമായ ആലെപ്പോയിലെയും അന്താരാഷ്ട്ര വിമാനത്താവളങ്ങളിലാണ് മിസൈലാക്രമണം നടത്തിയത്. റൺവേകൾ തകർന്നതോടെ രണ്ടിടത്തും വിമാന സർവീസുകൾ നിർത്തി വച്ചു. ആലെപ്പോയിൽ നിരവധി സ്ഫോടനങ്ങളുണ്ടായി. സംഘർഷം തുടങ്ങിയ ശേഷം ഭീകരർ സിറിയയിൽ നിന്ന് ഇസ്രയേലിലേക്ക് ആക്രമണം നടക്കുന്നുണ്ടായിരുന്നു. ഹിസ്ബുള്ള ആക്രമണം രൂക്ഷമായതോടെ ലെബനൺ അതിർത്തിയിലും ഇസ്രയേൽ സേനാ വിന്യാസം കൂട്ടി.ഗാസയിൽ ഇതുവരെ മരണം 1500 ആയി. മൂന്നര ലക്ഷം പേർ ഭവനരഹിതരായി. ഗാസയിലെ ബീച്ച് അഭയാർത്ഥി ക്യാമ്പിൽ ഇന്നലെ ഇസ്രയേൽ ആക്രമണത്തിൽ 15 പേർ മരിച്ചു. മറ്റ് നിരവധി കേന്ദ്രങ്ങളിലും പോർവിമാനങ്ങൾ ബോംബുകളും മിസൈലുകളും വർഷിച്ചു. ബന്ദികളെ ഹമാസ് മോചിപ്പിക്കും വരെ വെള്ളമോ വൈദ്യുതിയോ ഇന്ധനമോ മറ്റ് അവശ്യ വസ്തുക്കളോ അനുവദിക്കില്ലെന്ന് ഇസ്രയേൽ ആവർത്തിച്ചു. ഹമാസ് ഭീകരരെ പരമാവധി സമ്മർദ്ദത്തിലാക്കി ക്ഷീണിപ്പിക്കാനാണ് ശ്രമം.അതിനിടെ, വെസ്റ്റ് ബാങ്കിൽ രണ്ട് പാലസ്തീനികളെ ജൂത കുടിയേറ്റക്കാർ കൊലപ്പെടുത്തി. ഇസ്രയേൽഹമാസ് സംഘർഷം ഇരുപത് ലക്ഷത്തോളം ജനങ്ങളെ ബാധിച്ചതായാണ് ഐക്യരാഷ്ട്രസഭയുടെ റിപ്പോർട്ട്. വെള്ളത്തിനും ഭക്ഷണത്തിനും പരക്കം പാച്ചിൽ വൈദ്യുതി പ്ലാന്റ് അടച്ചതോടെ ജനങ്ങൾ ജനറേറ്ററുകളെയാണ് ആശ്രയിക്കുന്നത്. കഴിഞ്ഞ രാത്രി ഇരുട്ടിൽ കഴിഞ്ഞ ജനങ്ങൾ ഇന്നലെ ഭക്ഷണത്തിനും വെള്ളത്തിനും വേണ്ടി പരക്കം പാഞ്ഞു.

## ചെറുകിട സംരംഭങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

**തിരുവനന്തപുരം:** കേരളത്തിലെ മൂന്ന് ലക്ഷത്തിലധികം സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി . ആദ്യമായാണ് ഒരു സംസ്ഥാനം ഇത്തരത്തിൽ ഇൻഷ്വറൻസ് നടപ്പാക്കുന്നത്.വ്യവസായ വാണിജ്യ വകുപ്പ് നടപ്പാക്കുന്ന പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി പി.രാജീവ് മാസ്കോട്ട് ഹോട്ടലിൽ നിർവഹിച്ചു.സംസ്ഥാനത്ത് മൂന്ന് ലക്ഷത്തിലധികം എം.എസ്.എം.ഇകൾ ഉണ്ടെങ്കിലും 15,000ൽ താഴെ മാത്രമെ ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായിട്ടുള്ളൂവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

പദ്ധതിയുടെ വെബ് പോർട്ടലും (http://msmeinsurance.industry.kerala.gov.in) മന്ത്രി പുറത്തിറക്കി. നാഷണൽ ഇൻഷ്വറൻസ്, ഓറിയന്റൽ ഇൻഷ്വറൻസ്, ന്യൂ ഇന്ത്യ അഷ്വറൻസ്, യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുമായാണ് ധാരണാപത്രം ഒപ്പിട്ടത്.



## ഇസ്രായേൽ – പലസ്തീൻ സംഘർഷം

# യാഥാർഥ്യബോധത്തോടെ സമീപിക്കാൻ ലോകരാഷ്ട്രങ്ങൾ തയ്യാറാകണം: കെസിബിസി

**കൊച്ചി:** ഇസ്രായേൽ പലസ്തീൻ സംഘർഷത്തെ യാഥാർഥ്യബോധത്തോടെ സമീപിക്കാൻ സമൂഹങ്ങളും ലോകരാഷ്ട്രങ്ങളും തയ്യാറാകണമെന്ന് കേരള കത്തോലിക്ക മെത്രാൻ സമിതി (കെസിബിസി).ഇസ്രായേലിനെതിരെ ഹമാസ് തീവ്രവാദികൾ നടത്തിയ രൂക്ഷമായ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ ഇസ്രായേൽ ഭരണകൂടത്തോടും ഇസ്രായേലിലെ ജനങ്ങളോടും അവരുടെ വേദന പങ്കുവച്ചതിനോടൊപ്പം, യുദ്ധത്തിൽ കൊല്ലപ്പെടുകയും മുറിവേൽക്കപ്പെടുകയും എല്ലാം നഷ്ടപ്പെടുകയും ചെയ്യുന്ന സാധാരണ ജനങ്ങളെ ചേർത്തുപിടിക്കുന്ന ഫ്രാൻസിസ് പാപ്പായുടെ സമീപനം ഭരണക്കൂടങ്ങൾക്ക് മാതൃകയാണ്. യുദ്ധം ആർക്കും വിജയങ്ങൾ സമ്മാനിക്കുന്നില്ല. അനിവാര്യമായ പ്രശ്നപരിഹാരത്തിലേയ്ക്ക് അത് നയിക്കുന്നതുമില്ല. ഈ യാഥാർഥ്യം മനസിലാക്കിക്കൊണ്ടുള്ള സമീപനമാണ് ലോകരാജ്യങ്ങളെല്ലാം ഈ വിഷയത്തിൽ സ്വീകരിക്കേണ്ടതെന്നും കെസിബിസി ആവശ്യപ്പെട്ടു.

ജോലിക്കായും പഠനത്തിനായും ഇസ്രായേലിലും പലസ്തീനായിലുമായി കഴിയുന്ന ഇന്ത്യക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതും വേണ്ടിവന്നാൽ നാട്ടിലേക്ക് തിരിച്ചുവരാനുള്ള സാഹചര്യങ്ങൾ ഒരുക്കേണ്ടതും ഇന്ത്യാഗവർമെന്റിന്റെ ഉത്തരവാദിത്തമാണ്. കേരളത്തിൽ നിന്നും ജോലിക്കായി പോയിട്ടുള്ളവരുടെ സുരക്ഷയെക്കുറിച്ച് സംസ്ഥാനസർക്കാർ ജാഗ്രത പുലർത്തേണ്ടതുണ്ട്.വർഗീയതയുടെ കണ്ണിലൂടെ ഇസ്രായേൽ പലസ്തീൻ പ്രശ്നങ്ങളെ കാണുന്ന സമീപനങ്ങളും അത്തരം പ്രചരണങ്ങളും കൂടുതൽ ദോഷമേ സൃഷ്ടിക്കുകയുള്ളൂ. ഇസ്രായേൽ-പലസ്തീൻ സംഘർഷത്തെ തുടർന്ന് സങ്കുചിതമായ മതവർഗ ചിന്തകളും വിദ്വേഷപ്രചാരണങ്ങളും കേരളസമൂഹത്തിൽപോലും വലിയ വിഭാഗീയതയ്ക്ക് കാരണമാകുന്നത് നല്ല പ്രവണതയല്ല. താരതമ്യേന ചെറിയ രണ്ട് സമൂഹങ്ങൾ തമ്മിലുള്ള യുദ്ധമെങ്കിലും, അത് ലോകരാജ്യങ്ങളെയെല്ലാം പ്രത്യക്ഷമായോ പരോക്ഷമായോ ബാധിക്കുന്ന പശ്ചാത്തലത്തിലും, ഇനിയുമേറെ സാധാരണ ജനങ്ങൾക്ക് ജീവാപായവും മറ്റു നാശനഷ്ടങ്ങളും ഉണ്ടാക്കിയേക്കാവുന്ന സാധ്യതകൾ പരിഗണിച്ചും ആക്രമണങ്ങൾ അവസാനിപ്പിച്ച് പ്രശ്നപരിഹാരത്തിനുള്ള ചർച്ചകളാണ് ഉണ്ടാകേണ്ടത്.

നൂറ്റാണ്ടുകൾ പഴക്കമുള്ള വംശീയ വിരോധവും അന്യമത വിദ്വേഷവും വിഭാഗീയ ചിന്തകളും ഉപേക്ഷിച്ചുകൊണ്ട്, മുൻകാല അനുഭവങ്ങളിൽനിന്ന് പാഠം ഉൾക്കൊണ്ട് മുന്നോട്ട് നീങ്ങാൻ സമുദായ രാഷ്ട്രീയ നേതൃത്വങ്ങൾ സന്നദ്ധമാവുകയും, സ്വന്തം സമൂഹങ്ങളെ അതിനായി ഉദ്ബോധിപ്പിക്കുകയും വേണം. തീവ്രവാദ സംഘങ്ങളുടെയും ഭീകരപ്രവർത്തനങ്ങളുടെയും ഭീഷണികളിൽനിന്ന് വിമുക്തമായ ഒരു പുതിയ ലോകത്തിനായി ഉത്തരവാദിത്തബോധത്തോടെ യോജിച്ചു പ്രവർത്തിക്കുന്ന നേതൃത്വങ്ങളാണ് ഈ ലോകത്തിന് ആവശ്യമെന്നും കെസിബിസി വാർത്താകുറിപ്പിൽ വ്യക്തമാക്കി.

# ഉൽപന്നങ്ങൾക്ക് മതിയായ വിലയും വിപണിയും ഉറപ്പുവരുത്തണമെന്ന് കർഷകർ

**കൊച്ചി:** അഗ്രികൾച്ചർ സയൻസ് കോൺഗ്രസിന്റെ മുഖ്യ ആകർഷങ്ങളിലൊന്നായ കർഷക സംഗമത്തിൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഇരുന്നൂറോളം കർഷകർ ശാസ്ത്രജ്ഞരുമായി സംവദിച്ചു. മതിയായ വിലലഭിക്കുന്ന വിധത്തിൽ ഓരോ ഉൽപന്നങ്ങൾക്കും വിപണി ഉറപ്പുവരുത്തണമെന്ന് കർഷകർ ആവശ്യപ്പെട്ടു. ചെറുകിട ഇടത്തരം കർഷകരുടെ പ്രശ്നങ്ങൾ കൂടി പരിഗണിച്ചുള്ള കാർഷികവികസന നയമാണ് വേണ്ടത്. വായ്പകൾ കർഷകർക്ക് കടമ്പകൾ അധികമില്ലാതെ ലഭ്യമാക്കാൻ സൗകര്യമൊരുക്കണം. കർഷകർക്ക് സമൂഹത്തിൽ അന്തസ് കൽപിച്ചു നൽകണം.



നെല്ലിനങ്ങളുടെ പ്രാദേശിക വകഭേദങ്ങൾ വികസിപ്പിക്കണം. കൃഷിക്കാവശ്യമായ ചെറുകിടയന്ത്രങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കണം. കർഷക ഉൽപാദന സംഘങ്ങൾക്ക് പലിശരഹിത വായ്പ നൽകണം. കർഷകരുടെ ഉൽപന്നങ്ങൾ പൊതുവിതരണ സംവിധാനത്തിലൂടെ ജനങ്ങളിലെത്തിക്കണം. വിലയിടിവും രോഗബാധയും കാരണം നാളികേരകർഷകർ പ്രതസന്ധിയിലാണെന്നു അവർ പറഞ്ഞു.കേരളത്തിനു പുറമെ, ഉത്തർപ്രദേശ്, ഗുജറാത്ത്, ചത്തീസ്ഗഢ്, മഹാരാഷ്ട്ര, ഒഡീഷ, മധ്യപ്രദേശ്, ത്രിപുര, ഉത്തരാഖണ്ഡ്, പശ്ചിമ ബംഗാൾ, മേഘാലയ,മിസോറാം, നാഗാലാന്റ്, ഗോവ, കർണാടക, തമിഴ്നാട്, ലക്ഷദ്വീപ് എന്നിവിടങ്ങളിൽ നിന്നുള്ള കർഷകർ സംഗമത്തിൽ പങ്കെടുത്തു. റാണി ലക്ഷ്മിഭായി കേന്ദ്രകാർഷിക സർവകലാശാല വൈസ്ചാൻസലർ ഡോ എ കെ സിങ്, തമിഴ്നാട് കാർഷിക സർവകലാശാല വൈസ്ചാൻസലർ ഡോ വി ഗീതലക്ഷ്മി എന്നിവർ സംവാദം നിയന്ത്രിച്ചു.

വിത്തുകൾ വിൽക്കാനുള്ളതല്ല, തലമുറകൾക്ക് കൈമാറുന്നതിള്ള നന്മയാണെന്ന് പദ്മശ്രീ പുരസ്കാര ജേതാവും ആദിവാസി കർഷകനുമായ ചെറുവയൽ രാമൻ പറഞ്ഞു.അഗ്രികൾച്ചറൽ സയൻസ് കോൺഗ്രസിൽ നടന്ന കർഷക സംഗമത്തിൽ അനുഭവം പങ്കുവെക്കുകയായിരുന്നു അദ്ദേഹം. പ്രകൃതിയുടെ വരദാനമാണ് വിത്തുകൾ. പരമ്പരാഗതയിനങ്ങൾ ഉൾപ്പെടെ 60 ഓളം നെൽവിത്തുകൾ സംരക്ഷിച്ചുവരുന്നുണ്ട്. ആവശ്യക്കാർക്ക് സൗജന്യമായാണ് ഇവ കൈമാറുന്നത്. എന്നാൽ പ്രകൃതിക്കിണങ്ങുന്ന കൃഷിരീതികളും ജൈവവൈവിധ്യങ്ങളും സംരക്ഷിക്കാൻ പുതുതലമുറക്ക് താൽപര്യമെടുക്കുമോ എന്ന കാര്യത്തിൽ ആശങ്കയുണ്ടെന്നും അദ്ദേഹം പറഞ്ഞു.ചെറുവയൽ രാമനെ കൂടാതെ, പദ്മ പുരസ്കാരജേതാക്കളായ ഉത്തർപ്രദേശിൽ നിന്നുള്ള സേത്പാൽ സിംഗ്, ചന്ദ്രശേഖർ സിംഗ്, ഒഡീഷയിൽ നിന്നുള്ള കുമാരി സബർമതി, ബട്ട കൃഷ്ണ സാഹു എന്നിവർ അനുഭവങ്ങളും നിർദേശങ്ങളും പങ്കുവെച്ചു.

കാർഷികമേഖലയിൽ സ്ത്രീസൗഹദമായ യന്ത്രങ്ങളും ഉപകരണങ്ങളും വികസിപ്പിക്കണമെന്ന് കുമാരി സബർമതി ആവശ്യപ്പെട്ടു. വിളകൾക്ക് പോഷകമൂല്യം കൂട്ടുന്നതിനുള്ള ശ്രമങ്ങൾ വേണം. കർഷകരെയും പരിസ്ഥിതിയെയും പരിഗണിച്ചുള്ള ഗവേഷണപഠനങ്ങൾക്ക് കാർഷിക ശാസ്ത്രജ്ഞർ മുൻകയ്യെടുക്കണം. ഗവേഷണങ്ങൾക്ക് മാനുഷിക മുഖം കൂടി വേണം. കർഷകരുടെ നഷ്ടങ്ങളും പ്രതിസന്ധികളും പരിഹരിക്കേണ്ടത് ഉത്തരവാദിത്തമായി കരുതണമെന്നും അവർ ശാസ്ത്രജ്ഞരോട് ആവശ്യപ്പെട്ടു. പദ്മജേതാക്കളായ കർഷകരെ സമ്മേളനം ആദരിച്ചു.നാഷണൽ അക്കാദമിക ഓഫ് അഗ്രികൾച്ചറൽ സയൻസസ് (നാസ്) സംഘടിപ്പിക്കുന്ന കോൺഗ്രസ് സിഎംഎഫ്ആർഐയാണ് ആതിഥ്യം വഹിക്കുന്നത്. സമ്മേളനം ഇന്ന് (വെള്ളി) സമാപിക്കും.



# ട്രാൻസ്പ്ലാന്റ് ഗെയിംസ് 2023; രജിസ്ട്രേഷൻ ആരംഭിച്ചു

**കൊച്ചി:** ഹാർട്ട് കെയർ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 9ന് കൊച്ചിയിൽ നടക്കുന്ന ട്രാൻസ്പ്ലാന്റ് ഗെയിംസ് 2023ന്റെ രജിസ്ട്രേഷൻ ആരംഭിച്ചു. പ്രമുഖ സിനിമാ താരം കുഞ്ചാക്കോ ബോബൻ കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയനായ ബാബു കുരുവിളയ്ക്ക് ആദ്യ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകിയാണ് രജിസ്ട്രേഷൻ ഉദ്ഘാടനം നിർവ്വഹിച്ചത്.

അവയവദാതാക്കൾക്കും സ്വീകർത്താക്കൾക്കുമായാണ് ട്രാൻസ്പ്ലാന്റ് ഗെയിംസ് സംഘടിപ്പിക്കുന്നത്.കടവന്ത്ര റീജിയണൽ സ്പോർട്സ് സെന്ററാണ് ഗെയിംസിന്റെ പ്രധാന വേദി. കലൂർ ജവഹർലാൽ നെഹ്റു രാജ്യാന്തര സ്റ്റേഡിയത്തിലും മത്സരങ്ങൾ നടക്കും. കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെസോട്ടോ), കൊച്ചി നഗരസഭ, കെഎംആർഎൽ, റീജിയണൽ സ്പോർട്സ് സെന്റർ, ജിസിഡിഎ, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, ലിവർ ഫൗണ്ടേഷൻ ഓഫ് കേരള (ലിഫോക്) തുടങ്ങിയവയുടെ സഹകരണത്തോടെയാണ് ഗെയിംസ് സംഘടിപ്പിക്കുന്നത്.അവയവമാറ്റത്തിന് വിധേയമായവരും, ജീവിച്ചിരിക്കുന്ന അവയവദാതാക്കളും, മരണാനന്തരം അവയവദാനം നടത്തിയവരുടെ കുടുംബാംഗങ്ങളുമാണ് ഗെയിംസിൽ പങ്കെടുക്കുക. അവയവദാതാക്കളോടും അവരുടെ കുടുംബാംഗങ്ങളോടുമുള്ള ആദരവ് പ്രകടിപ്പിക്കുന്നതിനൊപ്പം അവയവ സ്വീകർത്താക്കളുടെ മനോവീര്യവും ആത്മവിശ്വാസവും ഉയർത്തുക എന്നതാണ് ട്രാൻസ്പ്ലാന്റ് ഗെയിംസിന്റെ പ്രധാന ലക്ഷ്യം. അവയവമാറ്റത്തിന് വിധേയമായവർക്ക് നിശ്ചിത കാലയളവിന് ശേഷം മറ്റ് മനുഷ്യരെ പോലെ സാധാരണ ജീവിതം നയിക്കാമെന്ന് പൊതുസമൂഹത്തെ ബോധ്യപ്പെടുത്താനും അവയവദാനത്തിന്റെ സന്ദേശം പ്രചരിപ്പിക്കാനും ഈ ഗെയിംസിലൂടെ ഹാർട്ട് കെയർ ഫൗണ്ടേഷൻ ലക്ഷ്യമിടുന്നു.7 വയസ് മുതൽ 70 വയസ് വരെ പ്രായമുള്ള വൃക്ക, കരൾ, ഹൃദയം, ശ്വാസകോശം, കൈ, പാൻക്രിയാസ്, കുടൽ തുടങ്ങിയ അവയവങ്ങൾ സ്വീകരിച്ചവർക്കും ദാതാക്കൾക്കും ഗെയിംസിൽ പങ്കെടുക്കാം.

ഒരാൾക്ക് പരമാവധി മൂന്ന് ഇനങ്ങളിൽ പങ്കെടുക്കാവുന്നതാണ്. അവയവ സ്വീകർത്താക്കൾ ശസ്ത്രക്രിയ കഴിഞ്ഞ് കുറഞ്ഞത് ഒരു വർഷം പൂർത്തിയായിരിക്കണം. ഗെയിംസിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർക്ക് https://www.heartcarefoundation.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഗെയിംസിൽ സന്നദ്ധസേവനം ചെയ്യാൻ താൽപര്യമുള്ളവർക്കും വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാം.

# കൊച്ചി സഹോദയ കലോത്സവം ഉദ്ഘാടനം ചെയ്തു

കൊച്ചി: സിബിഎസ് ഇ സ്കൂളുകളുടെ കൂട്ടായ്മയായ കൊച്ചി സഹോദയ സ്കൂൾ കോംപ്ലക്സിലെ പ്രഥമ സഹോദയ കലോത്സവ മത്സരങ്ങളുടെ സ്റ്റേജിനങ്ങൾ കടയിരുപ്പ് സെന്റ്.പീറ്റേഴ്സ് സീനിയർ സെക്കന്ററി സ്കൂളിൽ തിരക്കഥാകൃത്തും നടനുമായ ബിബിൻ ജോർജ് ഉദ്ഘാടനം ചെയ്തു.

നമ്മുടെ തലമുറയെ വാർത്തെടുക്കുന്നതിൽ കുട്ടികളുടെ കലാപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിൽ അധ്യാപകർക്ക് വലിയ പങ്കുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

സിന്തൈറ്റ് ഇൻഡസ്ട്രീസ് ഡയറക്ടറും സെന്റ്.പീറ്റേഴ്സ് എഡ്യൂക്കേഷൻ ട്രസ്റ്റ് സെക്രട്ടറിയുമായ അജു ജേക്കബ് മുഖ്യ പ്രഭാഷണം നടത്തി. കൊച്ചി സഹോദയ പ്രസിഡന്റ് അരവിന്ദ് ലക്ഷ്മണൻ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ജി.ജി രാജലക്ഷ്മി, ട്രഷറർ സോണിയ സൂസൻ വർക്കി, ജോ.സെക്രട്ടറി ശ്രീകല കരുണാകരൻ എന്നിവർ സംസാരിച്ചു. 58 സ്കൂളുകളിൽ നിന്നായി നാലായിരത്തിലേറെ കുട്ടികൾ മൂന്ന് ദിവസങ്ങളായി 180 ഇനങ്ങളിൽ മത്സരിക്കും.




# ലുലു ഫോറക്സ് ഇനി കൊച്ചിൻ എയർപോർട്ടിലും

**കൊച്ചി;** രാജ്യാന്തര തലത്തിലെ യാത്രക്കാർക്ക് വേണ്ടി ഫോറിൻ കറൻസി വിനിമയത്തിനായുള്ളലുലു ഫിനാൻഷ്യൽ ഹോൾഡിംഗ്സിന് കീഴിൽ പ്രവർത്തിക്കുന്ന ലുലു ഫോറക്സിന്റെ നാല് കൗണ്ടറുകൾ കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിലെ ാ3 ടെർമിനലിൽ ആരംഭിച്ചു.

സിയാൽ എംഡി എസ്. സുഹാസ് ഐഎഎസ് ഉദ്ഘാടനം ചെയ്തു. ലുലു ഫോറെക്സ് ഡയറക്ടർ ഷിബു മുഹമ്മദ്, എയർപോർട്ട് ഡയറക്ടർ മനു.ജി, കൊമേഴ്സൽ മാനേജർ ജോസഫ് പീറ്റർ, ഡെപ്യൂട്ടി മാനേജർ ജോർജ് ഇലഞ്ഞിക്കൽ ,ലുലു ഫിൻസെർവ്വ് എംഡി സുരേന്ദ്രൻ അമ്മിറ്റത്തൊടി, ഡയറക്ടർ മാത്യു വിളയിൽ , സിയാലിലേയും ലുലു ഫോറെക്സിലേയും മറ്റ് ഉന്നത ഉദ്യോഗസ്ഥരും സന്നിഹിതരായിരുന്നു.കറൻസി വിനിമയ രംഗത്ത് രാജ്യാന്തര തലത്തിൽ തന്നെ പേര് കേട്ട ലുലു ഫോറെക്സിന്റെ പ്രവർത്തനം സിയാലിലെത്തുന്ന യാത്രാക്കാർക്ക് കറൻസി വിനിമയം കൂടുതൽ കാര്യക്ഷമമാക്കുമെന്നും, ഇതിന് വേണ്ടി പ്രവർത്തിക്കുന്ന ലുലു ഫോറെക്സിന്റെ ടീമിനെ അഭിനന്ദിക്കുന്നതായും ഉദ്ഘാടനം ചെയ്തുകൊണ്ട് സിയാൽ എംഡി എസ് സുഹാസ് പറഞ്ഞു.

ദശലക്ഷക്കണക്കിന് യാത്രക്കാർക്ക് ഞങ്ങളുടെ സേവനങ്ങൾ എത്തിക്കുകയെന്ന ലക്ഷ്യം നിറവേറ്റുന്നതിനാണ് കൊച്ചിൻ അന്താരാഷ്ട്ര വിമാനത്താവളത്തിൽ ലുലു ഫോറെക്സിന്റെ കൗണ്ടറുകൾ ആരംഭിച്ചതെന്നും, ഇവിടെ ഞങ്ങളുടെ നെറ്റ്‌വർക്ക് വിപുലീകരിക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്നും ലുലു ഫിനാൻഷ്യൽ ഹോൾഡിംഗ്സ് എംഡി അദീബ് അഹമ്മദ് പറഞ്ഞു. ഇന്ത്യയിലെ ഏറ്റവും തിരക്കേറിയതും അതിവേഗം വളരുന്നതുമായ എയർപോർട്ടുകളിൽ മുൻപന്തിയിൽ നിൽക്കുന്ന കൊച്ചിയിൽ തങ്ങൾ ഡിജിറ്റൽ പണമിടപാടുകൾ കൂടെ കേന്ദ്രീകരിച്ച് മികച്ച സേവനം നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

24 മണിക്കൂറും പ്രവർത്തിക്കുന്ന പുതിയ കേന്ദ്രങ്ങൾ, ഇന്റർനാഷണൽ ഡിപ്പാർച്ചർ ചെക്ക്ഇൻ ഏരിയയിൽ രണ്ടെണ്ണവും , ടി3 ഇന്റർനാഷണൽ ബിൽഡിംഗിന്റെ ഇന്റർനാഷണൽ അറൈവൽ ബാഗേജ് ഏരിയയിലും, ഇന്റർനാഷണൽ അറൈവൽ ജനറൽ കോൺകോഴ്സിലുമാണ് പ്രവർത്തിക്കുന്നത്.

ഈ കൗണ്ടറുകളിലൂടെ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നു. ഇതോടെ ഇന്ത്യയിൽ ലുലു ഫോറെക്സിന്റെ ശാഖകളുടെ എണ്ണം 29 ഉം ആഗോള തലത്തിൽ ലുലു ഫിനാൻഷ്യൽ ഹോൾഡിംഗ്സിന് കീഴിൽ 308 ശാഖകളുമായി.

# സിഡ്ബിയും ഇന്ത്യാ പോസ്റ്റ് പേയ്മെന്റ്സ് ബാങ്കും തമ്മിൽ ധാരണാപത്രത്തിൽ ഒപ്പു വച്ചു

**ന്യൂഡൽഹി:** എംഎസ്എംഇകൾക്ക്, പ്രത്യേകിച്ച് ഗ്രാമീണ സംരംഭങ്ങൾക്ക് ഔപചാരിക സാമ്പത്തിക സേവനങ്ങളും മറ്റ് പിന്തുണാ സേവനങ്ങളും വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഇന്ത്യ പോസ്റ്റ് പേയ്മെന്റ്സ് ബാങ്കും (ഐപിപിബി)യും സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യയും ധാരണാപത്രത്തിൽ ഒപ്പു വച്ചു.




സിഡ്ബി ചെയർമാനും മാനേജിങ് ഡയറക്ടറുമായ ശിവസുബ്രഹ്മണ്യൻ രാമൻ ഐപിപിബി ചെയർമാനും മാനേജിങ് ഡയറക്ടറുമായ ജെ വെങ്കട്ടരാമു എന്നിവർ ധനകാര്യ സേവന വകുപ്പ് സെക്രട്ടറി വിവേക് ജോഷി, തപാൽ സേവന ബോർഡ് അംഗം (ബാങ്കിങ് ആൻഡ് ഡിബിടി) വന്ദിത കൗൾ എന്നിവരുടെ സാന്നിധ്യത്തിൽ ധാരണാപത്രത്തിൽ ഒപ്പുവച്ചു. ഐപിപിബിയുടെ ഗ്രാമീണ വ്യാപ്തിയും ഗ്രാമീണ തലത്തിലുള്ള കമ്മ്യൂണിറ്റികളുമായുള്ള ബന്ധവും സിഡ്ബിയുടെ ലെൻഡിംഗ്, ക്രെഡിറ്റ് റിസ്ക് അസസ്മെന്റ് മോഡലുകളും ഗ്രാമീണ, വിദൂര മേഖലകളിലെ അനൗപചാരികവും സൂക്ഷ്മവുമായ സംരംഭങ്ങളിലേക്ക് എത്തിച്ചേരാൻ ഈ പങ്കാളിത്തം ലക്ഷ്യമിടുന്നു. മർച്ചന്റ് ഓൺബോർഡിംഗ് സംവിധാനത്തിലൂടെയും യുപിഐ, ക്യൂആർ അധിഷ്ഠിത സൊല്യൂഷനുകൾ മുതലായ കളക്ഷൻ സൊല്യൂഷനുകളിലൂടെയും പേയ്മെന്റ് സംവിധാനങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനും സിഡ്ബിയുടെ ഉപഭോക്താക്കളെ ഐപിപിബി പിന്തുണയ്ക്കും. പരസ്പര താൽപ്പര്യമുള്ള മറ്റ് മേഖലകൾ കണ്ടെത്തുന്നതിനും അനൗപചാരിക മൈക്രോ എന്റർപ്രൈസസിൽ ശ്രദ്ധ കേന്ദ്രീകരിച്ച് രാജ്യത്തുടനീളമുള്ള എംഎസ്എംഇ കളെ പിന്തുണയ്ക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും ഇരു സ്ഥാപനങ്ങളും ഒരുമിച്ച് പ്രവർത്തിക്കും.

# എഡൽവെയ്സ് മ്യൂചൽ ഫണ്ട് മൾട്ടി ക്യാപ് ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** അസറ്റ് മാനേജ്മെന്റ് കമ്പനിയായ എഡൽവെയ്സ് മുചൽ ഫണ്ട് പുതിയ മൾട്ടി ക്യാപ് നിക്ഷേപ പദ്ധതി അവതരിപ്പിച്ചു. ലാർജ് ക്യാപ്, മിഡ് ക്യാപ്, സ്മോൽ ക്യാപ് ഓഹരികളിൽ നിക്ഷേപിക്കുന്ന ഈ ഫണ്ടിൽ ഒക്ടോബർ 18 വരെ നിക്ഷേപിക്കാമെന്ന് എഡൽവെയ്സ് മുചൽ ഫണ്ട് കമ്പനി അധികൃതർ വ്യക്തമാക്കി.

വൈവിധ്യമാർന്ന ഓഹരികളിൽ നിക്ഷേപിച്ച് ദീർഘകാല മൂലധന നേട്ടമുണ്ടാക്കുകയാണ് മൾട്ടി ക്യാപ് ഫണ്ടിന്റെ ലക്ഷ്യം. ഇതിനായി മികച്ച പ്രകടനം നടത്തുന്ന ഓഹരികളെ കണ്ടെത്തുന്നതിന് എഡൽവെയ്സിന് മികവുറ്റ സംവിധാനമുണ്ടെന്നും കമ്പനി അധികൃതർ അവകാശപ്പെട്ടു.കുറഞ്ഞത് 25 ശതമാനവും പരമാവധി 50 ശതമാനവുമാണ് ലാർജ് ക്യാപ ്, മിഡ് ക്യാപ്, സ്മോൾ ക്യാപ് വിഭാഗങ്ങളിലായി നിക്ഷേപിക്കുക. മൂന്ന് വിഭാഗങ്ങളിലുമായി 75 മുതൽ 100 ശതമാനം വരെ ഇകിറ്റി, ഇകിറ്റി അനുബന്ധ ഓഹരികളിലേക്കായി നീക്കിവച്ചിരിക്കുന്നുവെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ഐഫിനാൻസ് അവതരിപ്പിച്ച് ഐസിഐസിഐ ബാങ്ക്

**കൊച്ചി:** റീട്ടെയിൽ മേഖലയിലുള്ളവരും സോൾ പ്രൊപ്പറൈറ്റർമായവരും അടക്കമുള്ളവർക്ക് തങ്ങളുടെ സേവിങ്സ്, കറണ്ട് അക്കൗണ്ടുകൾ ഒരിടത്ത് ലഭ്യമാക്കുന്ന ഐഫിനാൻസ് സംവിധാനത്തിന് ഐസിഐസിഐ ബാങ്ക് തുടക്കം കുറിച്ചു.

ഐസിഐസിഐ ബാങ്ക് ഉപഭോക്താക്കൾക്കു പുറമെ മറ്റു ബാങ്ക് ഉപഭോക്താക്കൾക്കും തങ്ങളുടെ വിവിധ അക്കൗണ്ടുകൾ ഒരിടത്തു കാണുവാൻ ഈ സംവിധാനം സഹായകമാകും. അക്കൗണ്ട് അഗ്രഗേറ്റർ സംവിധാനം പ്രയോജനപ്പെടുത്തിയാണ് അക്കൗണ്ടുകൾ ലിങ്കു ചെയ്യാൻ ഉപഭോക്താക്കളെ സഹായിക്കുന്നത്. എല്ലാ അക്കൗണ്ടുകൾക്കുമായുള്ള ഒരൊറ്റ ഡാഷ്ബോർഡ് ഐഫിനാൻസ് ലഭ്യമാക്കുമെന്ന് ഐസിഐസിഐ ബാങ്ക് ഡിജിറ്റൽ ചാനൽസ് മേധാവി സിദ്ധാർത്ഥ മിശ്ര പറഞ്ഞു.ഐഫിനാൻസ് അവതരിപ്പിച്ചതോടെ ഐസിഐസിഐ ബാങ്ക് ഉപഭോക്താക്കൾക്കും മറ്റ് ബാങ്ക് ഉപഭോക്താക്കൾക്കും തങ്ങളുടെ അക്കൗണ്ട് ഡാറ്റ ഒരിടത്തു തന്നെ വീക്ഷിക്കുവാനും തങ്ങളുടെ സാമ്പത്തിക കാര്യങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട നിയന്ത്രണം നേടാനും സാധിക്കുമെന്ന് ഐസിഐസിഐ ബാങ്ക് ഡിജിറ്റൽ ചാനൽസ് മേധാവി സിദ്ധാർത്ഥ മിശ്ര പറഞ്ഞു.

അക്കൗണ്ട് ബാലൻസ്, ചെലവഴിക്കൽ രീതി, സ്റ്റേറ്റ്മെൻറ് ഡൗൺലോഡ് ചെയ്യൽ തുടങ്ങിയവ ഐഫിനാൻസിലൂടെ സാധ്യമാകും. ഐസിഐസിഐ ബാങ്കിൻറെ ഡിജിറ്റൽ സംവിധാനങ്ങളായ ഐമൊബൈൽ പേ, റീട്ടെയിൽ ഇൻറർനെറ്റ് ബാങ്കിങ്, കോർപറേറ്റ് ഇൻറർനെറ്റ് ബാങ്കിങ്, ഇൻസ്റ്റാബിസ് തുടങ്ങിയവയിൽ ലോഗിൻ ചെയ്ത് ഐഫിനാൻസ് ഉപയോഗിക്കാം.

# ക്വാണ്ടം എഎംസി പുതിയ സ്മോൾ കാപ് ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** ക്വാണ്ടം എഎംസി പുതിയ മുചൽ ഫണ്ട് നിക്ഷേപ പദ്ധതിയായ ക്വാണ്ടം സ്മോൾ കാപ് ഫണ്ട് അവതരിപ്പിച്ചു. ഒക്ടോബർ 16 മുതൽ 27 വരെ ഈ ഫണ്ടിൽ നിക്ഷേപിക്കാം. പ്രധാനമായും സ്മോൾ കാപ് ഓഹരികളിൽ നിക്ഷേപിക്കുന്ന ഈ ഫണ്ട് ഇകിറ്റി പദ്ധതിയാണെന്ന് സ്മോൾ കാപ് ഫണ്ട് എന്ന് ക്വാണ്ടം എഎംസി ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫീസർ ചിരാഗ് മേത്ത പറഞ്ഞു.ക്വാണ്ടം എഎംസി ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫീസർ ചിരാഗ് മേത്തയും അഭിലാഷ സതാലെയും ചേർന്നാണ് ഈ ഫണ്ട് മാനേജ് ചെയ്യുന്നത്.ക്വാണ്ടം സ്മോൾ കാപ് ഫണ്ടിന് ഡയറക്ട്, റെഗുലർ പ്ലാനുകളുണ്ട്. ഫണ്ടിന്റെ 65 ശതമാനം മുതൽ 100 ശതമാനം വരെ നിക്ഷേപം സ്മോൾ കാപ് കമ്പനികളുടെ ഇകിറ്റി ഓഹരികളിലും ഇകിറ്റി അനുബന്ധ നിക്ഷേപങ്ങളിലുമായിരിക്കും.

ദീർഘകാല മൂലധന നേട്ടം ലക്ഷ്യമിടുന്ന നിക്ഷേപകർക്കുള്ള പദ്ധതിയാണ് തങ്ങളുടെ സ്മോൾ കാപ് ഫണ്ട് എന്ന് ക്വാണ്ടം എഎംസി ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫീസർ ചിരാഗ് മേത്ത പറഞ്ഞു. സ്മോൽ കാപ് ഓഹരികൾ ദീർഘ കാലത്തേക്ക് മികച്ച റിട്ടേൺ നൽകുന്ന പ്രകടനമാണ് കാഴ്ചവെക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.



# വാഴ യുമായിപുതുമുഖങ്ങൾ

ജയ ജയ ജയ ജയ ഹേ എന്ന് സൂപ്പർ ഹിറ്റ് ചിത്രത്തിലൂടെ ഏറേ ശ്രദ്ധേയനായ സംവിധായകൻ വിപിൻ ദാസ് മറ്റൊരു യുവ സംവിധായകനു വേണ്ടി തിരക്കഥ എഴുതുന്നു. ഗൗതമിന്റെ രഥം എന്ന ചിത്രത്തിനു ശേഷം ആനന്ദ് മേനോൻ സംവിധാനം ചെയ്യുന്ന വാഴ ബയോപിക് ഓഫ് എ ബില്ല്യൺ ബോയ്സ് എന്ന ചിത്രത്തിനു വേണ്ടിയാണ് വിപിൻ ദാസ് രചന നിർവ്വഹിച്ചിരിക്കുന്നത്.പുതുമുഖങ്ങൾക്ക് ഏറെ പ്രാധാന്യം നല്കി ഒരുക്കുന്ന വാഴ ബയോപിക് ഓഫ് എ ബില്ല്യൺ ബോയ്സ്എന്ന ചിത്രത്തിന്റെ ചിത്രീകരണം ഇരിങ്ങാലക്കുട ആരംഭിച്ചു. സംവിധായകൻ വിഷ്ണു മോഹൻ,നടൻ ദേവ് മോഹൻ എന്നിവർ ചേർന്ന് സ്വിച്ചോൺ കർമ്മം നിർവ്വഹിച്ചിപ്പോൾ വിപിൻ ദാസ് ഫസ്റ്റ് ക്ലാപ്പടിച്ചു.വിപിൻ ദാസ് പ്രൊഡക്ഷൻസ് ആന്റ് ഇമാജിൻ സിനിമാസ് ബാനറിൽ വിപിൻ ദാസ്, ഹാരിസ് ദേശം,പി ബി അനീഷ്,ആദർശ് നാരായൺ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന വാഴ എന്ന ചിത്രത്തിന്റെ ഛായാഗ്രഹണം സ്വരൂപ് ശോഭ ശങ്കർ നിർവ്വഹിക്കുന്നു.സംഗീതംഅങ്കിത് മേനോൻ,എഡിറ്റർകണ്ണൻ.പ്രൊഡക്ഷൻ കൺട്രോളർറിന്നി ദിവാകർ,കലബാബു പിള്ള,മേക്കപ്പ്സുധി സുരേന്ദ്രൻ,കോസ്റ്റ്യൂസ് അശ്വതി ജയകുമാർ,സ്റ്റിൽസ്അമൽ ജെയിംസ്,പരസ്യക്കലയെല്ലോ ടൂത്ത്സ്, ടൈറ്റിൽ ഡിസൈൻ @സാർക്കാസനം, സൗണ്ട്എം ആർ രാജാകൃഷ്ണൻ,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്അനീഷ് നന്തിപുലം,പി ആർ ഒഎ എസ് ദിനേശ്.




# ദി സ്പോയിൽസ്

അഞ്ജലി അമീർ, പ്രീതി ക്രിസ്റ്റീന പോൾ, എം എ റഹിം, വിനീത് മോഹൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി മഞ്ചിത്ത് ദിവാകർ കഥ എഴുതി സംവിധാനം ചെയ്യുന്ന ദി സ്പോയിൽസ് എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ പ്രശസ്ത ചലച്ചിത്ര നിർമ്മാതാവ് ലിസ്റ്റിൻ സ്റ്റീഫൻ, പ്രശസ്ത നടൻ ബിജു മേനോന് നൽകി പ്രകാശനം ചെയ്തു.മാർബെൻ സ്റ്റുഡിയോസിന്റെ ബാനറിൽ എം എ റഹിം നിർമ്മിക്കുന്ന ഈ ചിത്രത്തിൽ ആര്യ ആദി ഇന്റർനാഷണലിന്റെ ബാനറിൽ എം എ ജോഷി,മഞ്ചിത്ത് ദിവാകർ എന്നിവർ സഹ നിർമാതാക്കളാകുന്നു. സതീഷ് കതിരവേൽ

ഛായാഗ്രഹണം നിർവ്വഹിക്കുന്നു.അഖിൽ കവലൂർ, അക്ഷയ് ജോഷി,സജിത് ലാൽ, സന്തോഷ് കുമാർ, ബക്കർ, സുനിൽ ബാബു, ഷൈജു ബി കല്ലറ, സതീശൻ, സാബു നീലകണ്ഠൻ നായർ, ഷൈൻ രാജ്, റിജു റാം, സജിഖാൻ, റിനു പോൾ, ആറ്റിങ്ങൽ സുരേഷ്, ഷീജു ഇമ്മാനുവൽ, ആദിദേവ്, അനശ്വര രാജൻ, ദർശ, സിനിമോൾ, ജിനീഷ്, ഷിജി സുകൃത, മുകരി, അനു ശ്രീധർമ എന്നിവരാണ് മറ്റു അഭിനേതാക്കൾ.സുനിൽ ജി ചെറുകടവ് എഴുതിയ വരികൾക്ക് സിബു സുകുമാരൻ സംഗീതം നൽകുന്നു.ആലാപനംശ്രീജിത്ത് ഐപിഎസ്.എഡിറ്റിംഗ്ബിജിലേഷ് കെ ബി, കോ റൈറ്റർ അനന്തു ശിവൻ,പ്രൊഡക്ഷൻ കാൺട്രോളർവിനോദ് കടക്കൽ,കലഅനീഷ് അമ്പൂരി,വസ്ത്രാലങ്കാരംസതീഷ് പാരിപ്പള്ളി, മേക്കപ്പ്സിബിരാജ്,സൗണ്ട് ഡിസൈനർ അഭിറാം,സൗണ്ട് എഫെക്ട്കരുൺ പ്രസാദ്, ചീഫ് അസോസിയേറ്റ് ഡയറക്ടർസജിത്ത് ബാലകൃഷ്ണൻ, സെക്കൻഡ് യൂണിറ്റ് ക്യാമറ വിനിൽ വിജയ്,അസോസിയേറ്റ് ഡയറക്ടർസാബു ടി എസ്,കളറിസ്റ്റ്ജോജി ഡി പാറക്കൽ, പ്രൊഡക്ഷൻ ഡിസൈനർഎൻ എസ് രതീഷ്,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്നിസാർ ചാലക്കുടി,സ്റ്റിൽസ് ഷാബു പെരുമ്പാവൂർ, പോസ്റ്റർ ഡിസൈനർ ബൈജു ബാലകൃഷ്ണൻ, തിരുവനന്തപുരം പരിസരങ്ങളിലുമായി ചിത്രീകരണം പൂർത്തിയായദി സ്പോയിൽസിന്റെപോസ്റ്റ് പ്രൊഡക്ഷൻ ജോലികൾ പുരോഗമിക്കുന്നു.പി ആർ ഒഎ എസ് ദിനേശ്.

# വൺ പ്രിൻസസ് സ്ട്രീറ്റ്



ബാലു വർഗീസ്, ആൻ ശീതൾ, അർച്ചന കവി, ലിയോണ ലിഷോയ്,എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി സിമയോൺ സംവിധാനം ചെയ്യുന്ന വൺ പ്രിൻസസ് സ്ട്രീറ്റ് എന്ന ചിത്രത്തിന്റെ ചിത്രീകരണം മട്ടാഞ്ചേരിയിൽ പൂർത്തിയായി.ഷമ്മി തിലകൻ, ഹരിശ്രീ അശോകൻ, ഭഗത് മാനുവൽ,സിനിൽ സൈനുദ്ദീൻ,കലാഭവൻ ഹനീഫ്,റെജു ശിവദാസ്,കണ്ണൻ, റോഷൻ ചന്ദ്ര,വനിത കൃഷ്ണചന്ദ്രൻ,ജോളി ചിറയത്ത് എന്നിവരാണ് മറ്റു താരങ്ങൾ.മാക്രോ മോഷൻ പിക്ചേഴ്സിന്റെ ബാനറിൽ ലജു മാത്യു ജോയ് നിർമ്മിക്കുന്നഈ ചിത്രത്തിന്റെ ഛായാഗ്രഹണം അർജ്ജുൻ അക്കോട്ട് നിർവ്വഹിക്കുന്നു.കോ പ്രൊഡ്യൂസർയുബിഎ ഫിലിംസ്, റെയ്ൻ എൻ ഷൈൻ എന്റർടെയ്ൻമെന്റ്സ്.സിമയോൺ, പ്രവീൺ ഭാരതി, ടുട്ടു ടോണി ലോറൻസ്, എന്നിവർ ചേർന്ന് കഥ തിരക്കഥ സംഭാഷണമെഴുതുന്നു.മനു മഞ്ജിത്ത്, വിനായക് ശശികുമാർ എന്നിവരുടെ വരികൾക്ക് പ്രിൻസ് ജോർജ്ജ് സംഗീതം പകരുന്നു.എഡിറ്റർആയൂബ് ഖാൻ.പ്രൊഡക്ഷൻ കൺട്രോളർസന്തോഷ് ചെറുപൊയ്ക, കലവേലു വാഴയൂർ,വസ്ത്രാലങ്കാരംറോസ് റെജീസ്, മേക്കപ്പ് ജിത്തു പയ്യന്നൂർ,സ്റ്റിൽസ് ഷിജിൻ പി രാജ്, പരസ്യകലയെല്ലോ ടൂത്ത്സ്,സ്റ്റണ്ട് മാഫിയ ശശി,നൃത്തംഅനഘ മറിയ,ഋഷി,നീരജ് സുകുമാരൻ, വിഎഫ്എക്സ് ജിഷ്ണു രഘു പിഷാരടി,ചീഫ് അസോസിയേറ്റ് ഡയറക്ടർകെ എസ് ഷൈൻ, അസോസിയേറ്റ് ഡയറക്ടർ റിനീഷ് പവിത്രൻ, അസിസ്റ്റന്റ് ഡയറക്ടർയതീന്ദ്രൻ, ഫെമിന നെൽസൺ, ആനന്ദ് സജീവ്, അഭിജിത്ത് സൂര്യ, വിശാഖ് നാഥ്, ഫിനാൻസ് കൺട്രോളർ ആന്റണി ജോയ്,ചീഫ് അസോസിയേറ്റ് ക്യാമറമാൻമൈക്കിൾ ജോസഫ്,പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്സഫി ആയൂർ, പ്രൊഡക്ഷൻ മാനേജർ ബിനു തോമസ്,പി ആർ ഒഎ എസ് ദിനേശ്.




# വിഷ്വൽ മാജിക്കാകാൻ ഗണപത്

ടൈഗർ ഷ്രോഫ്, കൃതി സനോണിന്റെ ജാവ് ഡ്രോപ്പിംഗ് ആക്ഷൻ സീക്വൻസുകൾ, അമിതാഭ് ബച്ചന്റെ സാന്നിധ്യം വിഷ്വൽ മാജിക്കായി ബോളിവുഡ് ചിത്രം ഗണപതിന്റെ ട്രയ്ലർ പ്രേക്ഷകരിലെക്കെത്തി. ഒക്ടോബർ 20ന് ചിത്രം തിയേറ്ററുകളിലേക്കെത്തും. ടൈഗർ ഷ്രോഫ്, കൃതി സനോൻ, ഇതിഹാസതാരം അമിതാഭ് ബച്ചൻ എന്നിവരോടൊപ്പം അഭിനയിച്ച ഈ മാഗ്നം ഓപസ് പ്രേക്ഷകരുടെ ആവേശം എപ്പോഴും നിലനിർത്തിയിട്ടുണ്ട്.ഗണപത് എന്ന ചിത്രത്തിന്റെ ട്രെയിലർ ഇന്ദ്രിയങ്ങൾക്ക് ഒരു വിരുന്നാണ്, അതിശയിപ്പിക്കുന്ന വിഷ്വലുകൾ, ആവേശകരമായ സീക്വൻസുകൾ,ഏറ്റവും മികച്ച അഭിനേതാക്കളുടെ താര നിര. തീർച്ചയായും ഒരു വിഷ്വൽ എക്സ്ട്രാവാഗൻസ എന്ന നിലയിൽ, ഈ മാഗ്നം ഓപസ് ആരാധകരെയും പ്രേക്ഷകരെയും ഒരു മാസ്മരിക ലോകത്തേക്ക് കൊണ്ടുപോകുമെന്ന് വാഗ്ദാനം ചെയ്യുന്നു,ഗണപത് ടീസറിനും ഹം ആയേ ഹേ ഗാനത്തിനും ലഭിച്ച അവിശ്വസനീയമായ പോസിറ്റീവായ പ്രതികരണത്തിൽ രോമാഞ്ചം ഉളവാക്കുന്നു എന്ന് പറഞ്ഞുകൊണ്ട് നിർമ്മാതാവ് ജാക്കി ഭഗ്നാനി പ്രോജക്റ്റിനെക്കുറിച്ചുള്ള തന്റെ ആവേശം പങ്കുവെക്കുന്നു. ട്രയ്ലർ കണ്ട ശേഷം പ്രേക്ഷകരുടെ പ്രതികരണത്തിൽ നിന്ന് അതേ തലത്തിലുള്ള സ്നേഹവും ആവേശവും ഞാൻ ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. ഞങ്ങൾക്ക് ഇനിയും ഒരുപാട് കാര്യങ്ങൾ സംഭരിക്കാനുണ്ട്, എനിക്ക് കഴിയും അതെല്ലാം പ്രേക്ഷകർക്ക് അനാവരണം ചെയ്യാൻ കാത്തിരിക്കുകയെന്നും അദ്ദേഹം പറയുന്നു.വികാസ് ബാൽ സംവിധാനം ചെയ്ത ഗുഡ് കോയുമായി സഹകരിച്ച് പൂജ എന്റർടൈൻമെന്റ് അവതരിപ്പിക്കുന്ന ഗണപത്: എ ഹീറോ ഈസ് ബോൺ. വാഷു ഭഗ്നാനി, ജാക്കി ഭഗ്നാനി, ദീപ്ശിഖ ദേശ്മുഖ്, വികാസ് ബഹൽ എന്നിവർ ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്. 2023 ഒക്ടോബർ 20 ന് ഹിന്ദി, തമിഴ്, തെലുങ്ക്, മലയാളം, കന്നഡ ഭാഷകളിൽ ചിത്രം ലോകമെമ്പാടും റിലീസ് ചെയ്യും.പി ആർ ഓ പ്രതീഷ് ശേഖർ.

## കേന്ദ്ര വിവരാവകാശ കമ്മീഷൻ വിവരാവകാശ നിയമം:18ാം വാർഷികം ആഘോഷിച്ചു

**ന്യൂഡൽഹി:**വിവരാവകാശ നിയമം നിലവിൽ വന്നതിന്റെ 18ാം വാർഷികത്തിന്റെ ഭാഗമായി കേന്ദ്ര വിവരാവകാശ കമ്മീഷനിൽ (സിഐസി) ഇന്ന് നടന്ന ഒരു പരിപാടിയിൽ എല്ലാ വിവരാവകാശ കമ്മീഷണർമാരും സെക്രട്ടറിയും എല്ലാ ഉദ്യോഗസ്ഥരും ജീവനക്കാരും പങ്കെടുത്തു. വിവരാവകാശ വ്യവസ്ഥയിലെ ഒരു പ്രധാന പങ്കാളി എന്ന നിലയിൽ കമ്മീഷന്റെ നേട്ടങ്ങളെ പ്രതിഫലിപ്പിക്കുന്ന സമ്മേളനത്തെ വിവരാവകാശ കമ്മീഷണർമാർ അഭിസംബോധന ചെയ്തു. ഈ വർഷങ്ങളിൽ, ഇകഉ 3.5 ലക്ഷത്തിലധികം സെക്കൻഡ് അപ്പീലുകൾ/പരാതികൾ പരിഗണിക്കുകയും പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

സാങ്കേതികവിദ്യയും മറ്റ് മേഖലകളും പ്രയോജനപ്പെടുത്തുന്നതിനുള്ള കമ്മീഷന്റെ ശ്രമങ്ങൾ, പ്രത്യേകിച്ച് വീഡിയോ കോൺഫറൻസിംഗ് (വിസി) വഴി ഹിയറിംഗുകൾ നടത്തുന്നത് യോഗത്തിൽ എടുത്തുകാണിച്ചു. കമ്മീഷൻ 202021 വർഷത്തിൽ 4783 വിസികളും 202122 വർഷത്തിൽ 7514 ഉം 202223 ൽ 11090 ഉം നടത്തി.

അത്തരം മെച്ചപ്പെടുത്തലുകളോടെ അപ്പീലുകളിലും പരാതികളിലും തീർപ്പുകൽപ്പിക്കുന്നത് 202021 വർഷത്തിൽ 38116 ആയിരുന്നത് 202122 ൽ 29213 ആയും 202223 വർഷത്തിൽ 19233 എന്ന റെക്കോർഡ് താഴ്ചയിലേയ്ക്കും ക്രമേണ കുറച്ചു.

വിവരാവകാശ നിയമത്തിലെ വളരെ പ്രധാനപ്പെട്ട ഒരു ഘടകമായ സ്വമേധയാ നടത്തുന്ന വെളിപ്പെടുത്തലുകളിൽ പ്രത്യേക ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.വിവിധ പൊതു അധികാരികളുടെ സുതാര്യത ഓഡിറ്റ് വർഷം തോറും നടത്തിവരുന്നു. ഇതുകൂടാതെ, തിരഞ്ഞെടുത്ത പൊതു അധികാരികൾക്കായി കൂടുതൽ കർശനവും വിശദവുമായ സാമ്പിൾ സുതാര്യത ഓഡിറ്റും എല്ലാ വർഷവും നടത്തി. സ്വമേധയാ നടത്തുന്ന വെളിപ്പെടുത്തലുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് പൊതു അധികാരികൾക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

## ലോക സ്പൈൻ ദിനം; സൗജന്യ നട്ടെല്ല് രോഗ നിർണയ ക്യാമ്പുകളുമായി കൊച്ചി ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** ലോക സ്പൈൻ ദിനത്തോടനുബന്ധിച്ച് സൗജന്യ നട്ടെല്ല് രോഗ നിർണയ ക്യാമ്പുകളുമായി കൊച്ചി ആസ്റ്റർ മെഡ്സിറ്റി. നട്ടെല്ലിന്റെ ആരോഗ്യത്തിന് കൂടുതൽ പ്രാധാന്യം നൽകാൻ ജനങ്ങളെ ബോധവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഒക്ടോബർ 16, 20 തീയതികളിൽ രണ്ട് വ്യത്യസ്ത ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്.

ജീവിത ശൈലി, ജോലി തുടങ്ങി വിവിധ കാരണങ്ങളെ തുടർന്ന് നടുവേദനയും നട്ടെല്ലിനുണ്ടാകുന്ന ക്ഷതങ്ങളും മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്നവരുടെ എണ്ണത്തിൽ വലിയ വർധനവാണ് ഉണ്ടാകുന്നത്. ഈ സാഹചര്യത്തിലാണ് ആസ്റ്റർ മെഡ്സിറ്റി രണ്ട് വ്യത്യസ്ത ക്യാമ്പുകൾ വിഭാവനം ചെയ്തത്.ഒക്ടോബർ 16ന് രാവിലെ ഒൻപത് മുതൽ വൈകിട്ട് നാല് വരെ ആസ്റ്റർ മെഡ്സിറ്റിയിൽ സംഘടിപ്പിക്കുന്ന ക്യാമ്പിൽ നട്ടെല്ലിന്റെ ആരോഗ്യം വിലയിരുത്താൻ താൽപ്പര്യമുള്ള വ്യക്തികൾക്ക് സൗജന്യ കൺസൾട്ടേഷൻ സൗകര്യമാണ് ഒരുക്കിയിട്ടുള്ളത്. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് എം.ആർ.ഐ, സി.ടി സ്കാൻ, എക്സ്റേ തുടങ്ങിയ പരിശോധനകൾക്ക് 20 ശതമാനം കിഴിവും ലഭിക്കും.നട്ടെല്ലുമായി ബന്ധപ്പെട്ട രോഗങ്ങൾ ഏറ്റവുമധികം ബാധിക്കുന്ന ഒരു വിഭാഗമാണ് ഓട്ടോറിക്ഷ, ടാക്സി ഡ്രൈവർമാർ. ഇവരെ ഉദ്ദേശിച്ചാണ് ഒക്ടോബർ 20ലെ ക്യാമ്പ് സംഘടിപ്പിക്കുന്നത്.

ഉച്ചക്ക് രണ്ട് മുതൽ നാല് വരെയാണ് മെഡ്സിറ്റിയിൽ പ്രത്യേക ക്യാമ്പ് നടത്തുന്നത്. ഡ്രൈവർമാക്ക് സൗജന്യ കൺസൾട്ടേഷൻ ഉൾപ്പെടെയുള്ള സേവനങ്ങൾ ലഭിക്കും. ക്യാമ്പുകളുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്കും സൗജന്യ രജിസ്ട്രേഷനും 8111998098 എന്ന നമ്പറിൽ വിളിക്കുക.

## ഏറ്റവും സമ്പന്ന ജ്വല്ലററായി ജോയ് ആലുക്കാസ്

**കൊച്ചി :** ഫോബ്സ് പുറത്തിറക്കിയ ഇന്ത്യയിലെ 100 സമ്പന്നരുടെ പട്ടികയിൽ ഏറ്റവും സമ്പന്ന ജ്വല്ലററായി ജോയ് ആലുക്കാസ്. കഴിഞ്ഞ വർഷത്തെ 69-ാം സ്ഥാനത്തു നിന്ന് 19 സ്ഥാനങ്ങൾ മെച്ചപ്പെടുത്തിയാണ് ഇത്തവണ ജോയ് ആലുക്കാസ് 50-ാം സ്ഥാനത്ത് എത്തിയിരിക്കുന്നത്. 4.4 ബില്ല്യൺ ഡോളർ ആസ്തിയാണ് നിലവിൽ അദ്ദേഹത്തിലുള്ളത്.സംരംഭകത്വ മികവോടെയും ദീർഘവീക്ഷണത്തോടെയുമുള്ള ജോയ് ആലുക്കാസിന്റെ നേതൃത്വപാടവങ്ങളിലൂടെ ഇന്ത്യയിലെ ജ്വല്ലറി മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. മൾട്ടിപ്പിൾ സ്റ്റോർ റീട്ടെയിൽ, ഓർഗനൈസ്ഡ് റീട്ടെയിലിംഗ് ഓപ്പറേഷൻ, ലാർജ് ഫോർമാറ്റ് സ്റ്റോറുകൾ തുടങ്ങിയ നൂതനമായ ആശയങ്ങൾ അവതരിപ്പിച്ച് ആഗോളതലത്തിൽ ഇന്ത്യൻ ജ്വല്ലറിയുടെ ചരിത്രത്തിൽ മാറ്റം കുറിക്കാൻ ജോയ് ആലുക്കാസിനായി. 2022ലെ കണക്കുകൾ പ്രകാരം ഇന്ത്യൻ ജ്വല്ലറി മേഖലയുടെ 38 ശതമാനം സംഘടിത മേഖലയ്ക്ക് കീഴിലാണ്. 2026 ഓടെ ഇത് 47 ശതമാനായി ഉയരുമെന്നാണ് പ്രതീക്ഷ.

# പ്രതിരോധ മന്ത്രിയും ഫ്രഞ്ച് സായുധ സേനാ മന്ത്രിയും കൂടിക്കാഴ്ച നടത്തി

### ശ്രീ രാജ്നാഥ് സിംഗ് തന്റെ ദ്വിരാഷ്ട്ര യൂറോപ്പ് സന്ദർശനം പൂർത്തിയാക്കി



**ന്യൂ ഡൽഹി:** രാജ്യ രക്ഷാ മന്ത്രി ശ്രീ രാജ്നാഥ് സിംഗ് തന്റെ ദ്വിരാഷ്ട്ര യൂറോപ്പ് പര്യടനം അവസാനിപ്പിക്കുന്നതിന് മുമ്പ് 2023 ഒക്ടോബർ 11 ന് പാരീസിൽ ഫ്രഞ്ച് സായുധ സേനാ മന്ത്രി സെബാസ്റ്റ്യൻ ലെകോർനുവുമായി അഞ്ചാമത് വാർഷിക പ്രതിരോധ സംഭാഷണം നടത്തി. പ്രാദേശിക സാഹചര്യം വിലയിരുത്തുന്നത് മുതൽ സൈനിക ഇടപെടലുകൾ വരെയുള്ള വിപുലമായ വിഷയങ്ങളും പ്രതിരോധ വ്യാവസായിക സഹകരണം വർധിപ്പിക്കുന്നത് സംബന്ധിച്ചും ഇരു മന്ത്രിമാരും ചർച്ച ചെയ്തു.

നടന്നുകൊണ്ടിരിക്കുന്ന പ്രതിരോധ പദ്ധതികൾ മന്ത്രിമാർ അവലോകനം ചെയ്യുകയും ഇരു രാജ്യങ്ങളിലെയും പ്രതിരോധ വ്യവസായങ്ങൾ തമ്മിലുള്ള സഹകരണം കൂടുതൽ ആഴത്തിലാക്കുന്നതിനുള്ള മാർഗങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. ബഹിരാകാശം, സൈബർ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ മേഖലകളിൽ സാധ്യതയുള്ള സഹകരണത്തെക്കുറിച്ചും അവർ ചർച്ച ചെയ്തു.

നേരത്തെ ശ്രീ രാജ്നാഥ് സിംഗ്, പാരീസിനടുത്തുള്ള ജെൻവില്ലിയേസിലെ സഫ്രാൻ എഞ്ചിൻ ഡിവിഷന്റെ ഗവേഷണവികസന കേന്ദ്രം സന്ദർശിക്കുകയും എയ്റോ എഞ്ചിൻ സാങ്കേതികവിദ്യയിലെ ഏറ്റവും പുതിയ സംഭവ വികാസങ്ങൾ നേരിട്ട് മനസിലാക്കുകയും ചെയ്തു. ഇന്ത്യയുമായുള്ള സഹകരണത്തിനുള്ള സാധ്യതകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഫ്രഞ്ച് പ്രതിരോധ കമ്പനികളുടെ സിഇഒമാരുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി. മൂന്നാം രാജ്യങ്ങളിലേക്കുള്ള കയറ്റുമതിയുടെ സാധ്യതകൾ ഉൾപ്പെടെ, ഇന്ത്യയുമായി സഹകരിച്ചുള്ള വികസനത്തിന്റെയും ഉൽപ്പാദനത്തിന്റെയും നേട്ടങ്ങൾ ശ്രീ രാജ്നാഥ് സിംഗ് എടുത്തുപറഞ്ഞു. മികച്ച വൈദഗ്ധ്യമുള്ള മനുഷ്യ വിഭവ ശേഷി, ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ, ശക്തമായ നിയമ സംവിധാങ്ങൾ എന്നിങ്ങനെ ഇന്ത്യൻ വിപണിയുടെ അന്തർലീനമായ നേട്ടങ്ങൾ അദ്ദേഹം എടുത്തു പറഞ്ഞു. 2023 ഒക്ടോബർ 10ന് പാരീസിലെത്തിയ ശേഷം, രാജ്യ രക്ഷാ മന്ത്രി അവിടെയുള്ള ഇന്ത്യൻ സമൂഹവുമായി സംവദിച്ചു.

തന്റെ ദ്വിരാഷ്ട്ര പര്യടനത്തിന്റെ ആദ്യ പാദത്തിൽ ശ്രീ രാജ്നാഥ് സിംഗ്, റോമിൽ ഇറ്റാലിയൻ പ്രതിരോധ മന്ത്രി ഗിഡോ ക്രോസെറ്റോയുമായി ചർച്ച നടത്തി. സുരക്ഷ, പ്രതിരോധ നയം, ഗവേഷണവികസനം, സൈനിക മേഖലയിലെ വിദ്യാഭ്യാസം, സമുദ്ര മേഖലയെക്കുറിച്ചുള്ള അവബോധം, പ്രതിരോധ വിവരങ്ങളുടെ പങ്കുവയ്ക്കൽ, കൂടാതെ സംയുക്ത വികസനംനിർമ്മാണംസംരംഭങ്ങളുടെ സജ്ജീകരണം എന്നിവ ഉൾപ്പെടെ വ്യാവസായിക സഹകരണം തുടങ്ങി പ്രതിരോധവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ ഉഭയകക്ഷി സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ചർച്ചകൾക്ക് നടത്തി. തുടർന്ന് പ്രതിരോധ മേഖലയിലെ സഹകരണം സംബന്ധിച്ച കരാർ ഒപ്പുവച്ചു. സന്ദർശനത്തിന്റെ ഭാഗമായി ഇറ്റാലിയൻ പ്രതിരോധ കമ്പനികളുടെ സിഇഒമാരുമായും മറ്റ് വ്യവസായ പ്രമുഖരുമായും അദ്ദേഹം റോമിൽ കൂടിക്കാഴ്ച നടത്തി.

# സമൂഹത്തിൽ വിവാഹപൂർവ കൗൺസിലിങ് അനിവാര്യം: വനിത കമ്മിഷൻ

**കൊച്ചി:** യുവജനങ്ങൾക്കിടയിൽ വിവാഹ പൂർവ കൗൺസിലിങ്ങിന്റെ അനിവാര്യത വർധിച്ചുവരികയാണെന്ന് വനിത കമ്മിഷൻ അധ്യക്ഷ അഡ്വ. പി. സതീദേവി പറഞ്ഞു. എറണാകുളം ജില്ലാ പഞ്ചായത്ത് പ്രിയദർശിനി ഹാളിൽ സംഘടിപ്പിച്ച വനിത കമ്മിഷൻ ജില്ലാതല അദാലത്തിലെ ആദ്യ ദിവസത്തെ പരാതികൾ തീർപ്പാക്കിയ ശേഷം സംസാരിക്കുകയായിരുന്നു വനിത കമ്മിഷൻ അധ്യക്ഷ. വിവാഹപൂർവ കൗൺസിലിങ്ങിന്റെ അനിവാര്യത വ്യക്തമാക്കുന്നതാണ് കമ്മിഷനു മുന്നിൽ വന്നിട്ടുള്ള പരാതികളിൽ ഏറെയും.

വിവാഹം രജിസ്റ്റർ ചെയ്യുന്ന സമയത്ത് ഇരുവരും കൗൺസിലിങ്ങിന് വിധേയമായിട്ടുണ്ടെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് കൂടി സമർപ്പിക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം വനിത കമ്മിഷൻ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

വിവാഹശേഷം ചുരുങ്ങിയ കാലത്തിനുള്ളിൽ തന്നെ ദമ്പതികൾക്കിടയിൽ പ്രശ്നങ്ങൾ ഉടലെടുക്കുകയാണെന്നാണ് പരാതികളിൽ നിന്നും വ്യക്തമാകുന്നത്. ഇത്തരത്തിൽ പ്രശ്നങ്ങൾ നേരിടുന്നവർക്ക് കൗൺസിലിങ് നൽകാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. വനിതാ കമ്മിഷന്റെ തിരുവനന്തപുരത്തെ ഹെഡ് ഓഫീസിൽ സ്ഥിരമായി കൗൺസിലിങ്ങിനുള്ള സംവിധാനമുണ്ട്. എറണാകുളത്തെ റീജിയണൽ ഓഫീസിലും കൗൺസിലറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വനിതാ കമ്മിഷൻ പ്രതിമാസ സിറ്റിങ്ങിൽ കൗൺസിലർ മുഖേന പ്രശ്നങ്ങൾ പരിഹരിക്കുന്നുണ്ടെന്നും വനിത കമ്മിഷൻ അധ്യക്ഷ പറഞ്ഞു

വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കാൻ വിമുഖത കാട്ടുന്ന മക്കൾക്കെതിരെ നിരവധി പരാതികളാണ് കമ്മീഷൻ മുൻപാകെ ലഭിക്കുന്നത്.

സിനിമ ഷൂട്ടിങ്ങിനിടെ വൈദ്യുതാഘാതമേറ്റ് പരുക്കേറ്റ സ്ത്രീക്ക് തുടർ ചികിത്സ ആവശ്യമായി വന്നതു സംബന്ധിച്ച പരാതിയിൽ ചികിത്സാ ചെലവുകൾ നിർമ്മാതാവ് വഹിക്കണമെന്ന തീരുമാനത്തിൽ പ്രശ്നം പരിഹരിച്ചു. വിവാഹ വാഗ്ദാനം നൽകി പെൺകുട്ടിയെ വഞ്ചിക്കുകയും പണം തട്ടിയെടുക്കുകയും ചെയ്തു എന്ന പരാതിയിൽ എതിർകക്ഷി തട്ടിയെടുത്ത പണം കമ്മീഷന് മുൻപാകെ തിരികെ നൽകി.

സ്ത്രീകൾക്കെതിരെ തൊഴിലിടങ്ങളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അതത് തൊഴിലിടങ്ങളിൽ തന്നെ പരിഹരിക്കാൻ സൗകര്യമൊരുക്കണമെന്ന് കമ്മിഷൻ നിർദേശിച്ചിട്ടുണ്ട്. അതിനാൽ ആഭ്യന്തര പരാതി പരിഹാരത്തിലൂടെ പ്രശ്നങ്ങൾ ഒരു പരിധിവരെ ഒത്തുതീർപ്പാക്കുന്നുണ്ടെന്ന് വനിത കമ്മിഷൻ അധ്യക്ഷ പറഞ്ഞു.

അദാലത്തിന്റെ ആദ്യ ദിവസം 59 പരാതികളാണ് പരിഗണിച്ചത്. ഇതിൽ 15 എണ്ണം തീർപ്പാക്കി. നാലു പരാതികളിൽ റിപ്പോർട്ട് ആവശ്യപ്പെട്ടു. ബാക്കിയുള്ളത് അടുത്ത അദാലത്തിലേക്കു മാറ്റി. അദാലത്ത് വെള്ളിയാഴ്ച്ചയും തുടരും.

വനിത കമ്മീഷൻ മെമ്പർമാരായ അഡ്വ. ഇന്ദിരാ രവീന്ദ്രൻ, അഡ്വ. എലിസബത്ത് മാമ്മൻ മത്തായി എന്നിവരും പരാതികൾ പരിഗണിച്ചു. ഡയറക്ടർ ഷാജി സുഗുണൻ, വനിതാ കമ്മിഷൻ കൗൺസിലർ ടി.എം. പ്രമോദ്, ആൽബിറ്റ മേരി അവറാച്ചൻ, കൊച്ചി സിറ്റി വനിതാ സെൽ എഎസ്ഐ ടി.നിഷ മോൾ എന്നിവർ പങ്കെടുത്തു.

## മാനസികാരോഗ്യ ബോധവൽക്കരണ മാസം 2023 വിവിധ പരിപാടികൾക്ക് തുടക്കം കുറിച്ചു

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ മാനസികാരോഗ്യ വിഭാഗത്തിൻറെ ആഭിമുഖ്യത്തിൽ മാനസീക ആരോഗ്യം എല്ലാവരുടെയും അവകാശം എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തി വിവിധ പരിപാടികളുടെ ഉദ്ഘാടനം നടത്തി.

ഇതോടനുബന്ധിച്ച് മാനസ കേരളം എറണാകുളം ചാപ്റ്ററിന്റെ ഉദ്ഘാടനവും നിർവഹിച്ചു. മാനസികാരോഗ്യ വെല്ലുവിളികൾ നേരിടുന്നവരുടെയും അവരെ പരിചരിക്കുന്നവരുടെയും ക്ഷേമവും സന്തോഷവും മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയുള്ള ഒരു ശാസ്ത്രീയ സംഘമാണ് മാനസകേരളം അവരുടെ അനുഭവങ്ങൾ പങ്കിടാനും പരസ്പരം പഠിക്കാനും,പിന്തുണയ്ക്കാനും കഴിയുന്ന ഒരു വേദിയാണിത്. സമൂഹത്തിലെ മാനസികാരോഗ്യ പ്രശ്നങ്ങളെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കാനും അവഗണന കുറയ്ക്കുവാനും ശ്രമിക്കുന്ന ഒരു സംഘം കൂടിയാണിത്.

മാനസ കേരളം മുഖേന മാനസികാരോഗ്യ വെല്ലുവിളി നേരിടുന്ന രോഗികളെ ചികിത്സയക്കുശേഷം പുനരധിവസിപ്പിച്ച് ചെറു സംരംഭങ്ങളിൽ സജീവമാക്കുന്നു.

മാനസികാരോഗ്യ ബോധവൽക്കരണ മാസാചരണത്തോടനുബന്ധിച്ച് വരും ദിവസങ്ങളിൽ വിവിധ കോളേജുകളുമായി ചേർന്നു ബോധ വൽകരണ പരിപാടി, വർക്ക്ഷോപ്പ് എന്നിവയും കിസ്,പെയിൻറിങ് ,പോസ്റ്റർ കോമ്പറ്റീഷൻസ് എന്നിവയും, വിവിധ പുനരധിവാസ കേന്ദ്രങ്ങളിൽ സന്ദർശനം എന്നിവയും നടത്തപ്പെടുന്നു.മെഡിക്കൽ സുപ്രണ്ട് ഡോ. ഗണേഷ് മോഹൻ അധ്യക്ഷനായ ചടങ്ങിൽ ,മാനസികാരോഗ്യ വിഭാഗം മേധാവി ഡോ.അനിൽ കുമാർ സ്വാഗതം ആശംസിച്ചു.

ദിനാചരണം അനുബന്ധിച്ചുള്ള വിവിധ പരിപാടികളുടെ ഉദ്ഘാടനം വൈസ് പ്രിൻസിപ്പൽ ഡോക്ടർ അനിൽകുമാർ നിർവഹിച്ചു. മാനസ കേരളം എറണാകുളം ചാപ്റ്ററിന്റെ ഉദ്ഘാടനം വേൾഡ് അസോസിയേഷൻ ഫോർ സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ(ണഅജഞ) മുൻ പ്രസിഡൻറ് ,രാമയ്യ മെഡിക്കൽ കോളേജ് മാനസികാരോഗ്യ വകുപ്പ് മേധാവി ഡോ. ടി.മുരളി നിർവഹിച്ചു. ചടങ്ങിൽ ലിഡ ജേക്കബ് ഐ എ എസ് മുഖ്യ പ്രഭാഷണം നടത്തി.

വാർഡ് മെമ്പർ കെ. കെ ശശി, കമ്മ്യൂണിറ്റി മെഡിസിൻ മേധാവി ഡോ. ബിനു അരീകൽ, നഴ്സിംഗ് ഓഫീസർ പ്രഭാകുമാരി ,വിവിധ പുനരധിവാസ കേന്ദ്രങ്ങളുടെ പ്രതിനിധികൾ ,പി. ജി അസോസിയേഷൻ പ്രതിനിധി ഡോ.ആർ ബാലമുകുന്ദ് എന്നിവർ സംസാരിച്ചു.

## ആർദ്രം പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തി

**കൊച്ചി:** ആർദ്രം പദ്ധതി വഴി നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളിലൂടെ തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രി വികസന പാതയിലെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണ ജോർജ്.

ആർദ്രം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പ്രത്യേക സേവനങ്ങൾ കൃത്യമായി നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ, ഏതൊക്കെ തലത്തിൽ ഇത്തരം സേവനങ്ങൾ മെച്ചപ്പെടുത്തണം തുടങ്ങിയ കാര്യങ്ങൾ വിലയിരുത്തുന്നതിന്റെ ഭാഗമായാണ് മന്ത്രി ആശുപത്രി സന്ദർശിച്ചത്.

ആശുപത്രിയിലെ ഡി അഡിക്ഷൻ സെന്റർ, ജൈവമാലിന്യ സംസ്കരണ യൂണിറ്റ്, അത്യാഹിത വിഭാഗം, വിവിധ വാർഡുകൾ, റൂമുകൾ, ഒ പി സൗകര്യം, ഫാർമസി, ലാബുകൾ, ശുചിമുറികൾ എന്നിവ മന്ത്രി പരിശോധിച്ച് പുരോഗതി വിലയിരുത്തി. കൂടാതെ ആശുപത്രി ജീവനക്കാർ, രോഗികൾ, രോഗികൾക്ക് കൂട്ടിരിക്കുന്നവർ എന്നിവരുമായി ആശുപത്രിയിലെ സേവനങ്ങളും സൗകര്യങ്ങളും ചോദിച്ചറിയുകയും ചെയ്തു.

കെ ബാബു എം എൽ എ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) ഡോ.ജോസ്.ജി.ഡിക്രൂസ്, തൃപ്പൂണിത്തുറ നഗരസഭ ചെയർപേഴ്സൺ രമ സന്തോഷ്, വൈസ് ചെയർമാൻ കെ കെ പ്രദീപ് കുമാർ, ഡെപ്യൂട്ടി മെഡിക്കൽ ഓഫീസർ ഡോ. കെ സവിത, ആശുപത്രി സൂപ്രണ്ട് ഡോ.സി സുമ, ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സി എ ബെന്നി, വാർഡ് കൗൺസിലർ രാധിക വർമ്മ, ആശുപത്രി വികസന സമിതി അംഗങ്ങൾ, ജീവനക്കാർ, ജനപ്രതിനിധികൾ എന്നിവർ മന്ത്രിയോടൊപ്പം ആശുപത്രി സന്ദർശനത്തിൽ പങ്കാളികളായി.

## താത്പര്യപത്രം ക്ഷണിച്ചു

**കൊച്ചി:** വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 202324 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന 6 പഞ്ചായത്തുകളിലെ അങ്കണവാടികൾ സ്മാർട്ട് അങ്കണവാടികൾ ആക്കുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് അംഗീകൃത അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും മത്സരാധിഷ്ഠിത താത്പര്യപത്രം ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് www.lsg.kerala.gov.in(Window No. 8207736/2023,B207737/2023 എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ : 9387162707, 9495841372. താൽപര്യപത്രം സമർപ്പിക്കേണ്ട അവസാന തീയതി : ഒക്ടോബർ 25 ഉച്ച കഴിഞ്ഞ് 3 വരെ

## റബ്ബർ അധിഷ്ഠിത സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനമേകാൻ പദ്ധതിയുമായി റബ്ബർ പാർക്ക്

**കൊച്ചി:** റബ്ബർ അധിഷ്ഠിത വ്യവസായ മേഖലയിൽ സ്റ്റാർട്ട് അപ്പുകൾ പ്രോത്സാഹിപ്പിക്കാൻ പദ്ധതിയുമായി റബ്ബർ പാർക്ക് . വ്യവസായ സ്ഥാപനങ്ങളുടെയും, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുക. റബ്ബർ പാർക്കിന്റെ ആഭിമുഖ്യത്തിൽ വ്യവസായ സ്ഥാപനങ്ങളുടെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സംയുക്ത യോഗത്തിലാണ് തീരുമാനം. ഈ ചുവടുവെപ്പ് റബ്ബർ വ്യവസായങ്ങളുടെ നവീകരണത്തിനും, ഗവേഷണങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും, സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുന്നതിനും സഹായകരമായിരിക്കും. റബ്ബർ അധിഷ്ഠിത വ്യവസായങ്ങളുടെ നവീകരണത്തിന് റബ്ബർ പാർക്ക് അനുകൂല സമീപനമാണ് എടുത്തിട്ടുള്ളതെന്നും, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായും വ്യവസായങ്ങളുമായും കൈകോർക്കുന്നതിലൂടെ, സർഗ്ഗാത്മകതയും സംരംഭകത്വവും വളർത്തുന്ന ഒരു സംവിധാനം സൃഷ്ടിക്കാൻ സാധിക്കുമെന്നും, ഇത് റബ്ബർ മേഖലയെ കൂടുതൽ മത്സരപരവും സുസ്ഥിരതയുള്ളതുമാക്കി മാറ്റുമെന്നും റബ്ബർ പാർക്ക് മാനേജിങ് ഡയറക്ടർ ജോർജ് വി ജെയിംസ് പറഞ്ഞു .

കുസാറ്റ് റിട്ട. പ്രൊഫസർ ഡോ. റാണി ജോസഫ്, കുസാറ്റ് ഡിപ്പാർട്ട്മെന്റ് ഹെഡ് ഡോ. പ്രശാന്ത് രാഘവൻ, എൻപി ഒ ൽ സീനിയർ സയന്റിസ്റ്റ് ഡോ.അണ്ണാദുരൈ, ക്രൈസ്റ്റ് കോളേജ് അസോസിയേറ്റ് പ്രൊഫസർ ഡോ. ജോയ് തോമസ്, , റബ്ബർ പാർക്ക് മാനുഫാക്ചറിംഗ് അസോസിയേഷൻ പ്രസിഡന്റ് എം എസ് പ്രതാപ്, വിവിധ സർവകലാശാലകളുടെയും കോളേജുകളുടെയും വ്യവസായ സ്ഥാപനങ്ങളുടെയും പ്രതിനിധികൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

## നൂതന റെയിൽവേ സീറ്റുകളും ഇന്റീരിയറുകളും പ്രദർശിപ്പിച്ച് പിനാക്കിൾ ഇൻഡസ്ട്രീസ്





**ന്യൂഡൽഹി, :** ഓട്ടോമോട്ടീവ് ഇന്റീരിയറുകൾ, സീറ്റിംഗ് സംവിധാനങ്ങൾ, ഇലക്ട്രിക് വാഹന ഘടകങ്ങൾ, സ്പെഷ്യാലിറ്റി വാഹനങ്ങൾ എന്നിവയുടെ ഇന്ത്യയിലെ മുൻനിര നിർമ്മാതാക്കളായ പിനാക്കിൾ ഇൻഡസ്ട്രീസ് 15ാമത് അന്താരാഷ്ട്ര റെയിൽവേ എക്യുപ്മെന്റ് എക്സിബിഷനിൽ (ഐആർഇഇ) വൈവിധ്യമാർന്ന നൂതന ഉൽപ്പന്നങ്ങളും പരിഹാരങ്ങളും അവതരിപ്പിക്കാനൊരുങ്ങുന്നു. ഇന്ത്യൻ റെയിൽവേ മന്ത്രാലയവുമായി സഹകരിച്ച് കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സിഐഐ) സംഘടിപ്പിക്കുന്ന പരിപാടി 2023 ഒക്ടോബർ 14 വരെ ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ നടക്കും.

കമ്പനിയുടെ വ്യവസായ പ്രമുഖ ഇരിപ്പിട പരിഹാരങ്ങൾ വന്ദേ ഭാരത് ട്രെയിനുകളുടെ ഭാഗമാണ്. എക്സിബിഷനിൽ, യാത്രക്കാരുടെ അനുഭവത്തിൽ വിപ്ലവം സൃഷ്ടിക്കാനും സുഖം, സുരക്ഷ, സൗന്ദര്യശാസ്ത്രം എന്നിവയുടെ നിലവാരം ഉയർത്താനും തയ്യാറാക്കിയ റെയിൽവേ സീറ്റിംഗുകളുടെയും ഇന്റീരിയർ സൊല്യൂഷനുകളുടെയും വിപുലമായ ശ്രേണി അവതരിപ്പിക്കും.

സിംഗിൾ, ഡബിൾ, ട്രിപ്പിൾ സീറ്റിംഗ് കോമ്പിനേഷനുകൾ എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ ഉദ്ദേശിച്ചുള്ള പിനാക്കിൾ ഇൻഡസ്ട്രീസ് അതിന്റെ അതുല്യമായ ഇക്കണോമി സീറ്റുകളും പ്രദർശിപ്പിക്കും. സിംഗിൾ/ടു/ത്രീ സീറ്റിംഗ്, ഫയർ റിട്ടാർഡന്റ് സീറ്റ് ഫോം, മോഡുലാർ ചാർജിംഗ് ഫോർ ഓൾ, ബോട്ടിൽ ഹോൾഡർ, മടക്കാവുന്ന ആംറെസ്റ്റുകളോട് കൂടെയുള്ള സ്നാക്ക് ട്രേ തുടങ്ങിയ ഫീച്ചറുകളോട് കൂടിയ ഈ സീറ്റുകൾ യാത്രാ സൗകര്യത്തിന്റെ പുതിയ യുഗത്തിലേക്ക് നയിക്കുന്നു, നവീകരണത്തിലും. ഇവ കൂടാതെ, റെയിൽവേ സെഗ്മെന്റിനായി രൂപകൽപ്പന ചെയ്ത ടിപ്പ്അപ്പ്, മടക്കാവുന്ന സീറ്റിംഗ് സൊല്യൂഷനുകളും കമ്പനി അവതരിപ്പിക്കും.

## പട്ടികജാതി പട്ടികവർഗ വകുപ്പും നോളെജ് ഇക്കോണമി മിഷനുമായി ധാരണാപത്രം ഒപ്പുവച്ചു

**തിരുവനന്തപുരം:** കേരള നോളെജ് ഇക്കോണമി മിഷൻ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്കായി പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പുകളുമായി ചേർന്ന് നടപ്പിലാക്കുന്ന പ്രത്യേക വൈജ്ഞാനിക തൊഴിൽ പദ്ധതിയായ ഉന്നതിയുടെ ധാരണാ പത്രം ഒപ്പ് വെച്ചു.

മന്ത്രി കെ രാധാകൃഷ്ണന്റെ സാന്നിധ്യത്തിൽ നടന്ന പരിപാടിയിൽ പട്ടികജാതിപട്ടികവർഗ്ഗ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയും ഉന്നതി കേരള സി.ഇ.ഒ യുമായ എൻ പ്രശാന്തും കേരള നോളേജ് ഇക്കോണമി മിഷൻ ഡയറക്ടർ ഡോ. പി എസ് ശ്രീകലയും തമ്മിൽ ധാരണാപത്രം കൈമാറി.

വിവിധ ഘട്ടങ്ങളായി വൈജ്ഞാനിക തൊഴിലിൽ തൽപരരായ, 18 നും 59നും ഇടയിൽ പ്രായമുള്ള പ്ലസ്ടുവോ അതിനു മുകളിലോ വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവർക്കായി റസിഡൻഷ്യൽ പരിശീലനത്തിലൂടെയോ ഓൺലൈൻ പരിശീലനത്തിലൂടെയോ തൊഴിൽ ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. നോളെജ് ഇക്കോണമി മിഷൻ സെപ്റ്റംബർ ഒന്ന് മുതൽ 2024 മാർച്ച് 31 വരെ പട്ടികജാതി വിഭാഗത്തിൽ നിന്നും രണ്ട് ലക്ഷം പുതിയ രജിസ്ട്രേഷനുകളും 10000 വൈജ്ഞാനിക തൊഴിൽ അവസരങ്ങളും ലക്ഷ്യമിടുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും 20000 രജിസ്ട്രേഷനും 1000 തൊഴിൽഅവസരങ്ങളും ലക്ഷ്യംവയ്ക്കുന്നു. നിലവിൽ ഉണ്ടങ്ങ പ്ലാറ്റ്ഫോമിൽ പട്ടികജാതി വിഭാഗത്തിൽ നിന്നും 86397 പേരും പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും 7759 പേരും തൊഴിലിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ പട്ടികജാതിപട്ടികവർഗ്ഗ വിഭാഗത്തിന്റെ വികാസത്തിനായി രുപീകരിച്ച ഉന്നതി (കേരള എംപവർമെൻറ് സൊസൈറ്റി) യുമായി സഹകരിച്ച് പദ്ധതി പട്ടികജാതിപട്ടികവർഗ്ഗ വിഭാഗത്തിലെ മുഴുവൻ അഭ്യസ്ത വിദ്യർക്കും നൈപുണ്യപരിശീലനം ഉറപ്പാക്കിക്കൊണ്ട് തൊഴിൽ ലഭ്യമാക്കുന്ന രീതിയിൽ വിപുലീകരിച്ചുകൊണ്ട് സംസ്ഥാനത്ത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.വിജ്ഞാന സമ്പദ്ഘടനാ നിർമാണത്തിൽ പട്ടികജാതിപട്ടികവർഗ്ഗ വിഭാഗത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

# മുട്ടത്ത് കിൻഫ്ര സ്പൈസസ് പാർക്ക് ഉദ്ഘാടനം നാളെ

**ഇടുക്കി:** മുട്ടത്തെ തുടങ്ങനാട്ടിൽ കിൻഫ്ര സ്പൈസസ് പാർക്ക് ഉദ്ഘാടനം ഒക്ടോബർ 14നു (ശനിയാഴ്ച) നിർവ്വഹിക്കുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. 15 ഏക്കർ സ്ഥലത്ത് 20 കോടി മുതൽ മുടക്കിയാണ് ആദ്യഘട്ട നിർമാണം പൂർത്തീകരിച്ചിരിക്കുന്നത്. ശേഷിക്കുന്ന 21 ഏക്കർ സ്ഥലത്ത് നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കിൻഫ്രയുടെ കൈവശമുള്ള 37 ഏക്കർ സ്ഥലത്ത് പാർക്ക് നിർമിക്കാനാണ് പദ്ധതി. ഇടുക്കി ജില്ലയിലെ സുഗന്ധവ്യഞ്ജന കൃഷിക്കും മൂല്യവർദ്ധിത ഉൽപന്ന വ്യവയസായത്തിനും വലിയ കുതിപ്പ് നൽകുവാൻ സ്പൈസസ് പാർക്ക് വഴിയൊരുക്കും. ഇടുക്കിയുമായി ബന്ധപ്പെട്ട് മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത് ഉടുമ്പൻചോല ആയുർവേദ മെഡിക്കൽ കോളേജിന് 10 കോടി രൂപ അനുവദിച്ച വിവരമാണ്. ഇടുക്കി വികസന പാക്കേജിൽ ഉൾപ്പെടുത്തിയാണ് തുക അനുവദിച്ചിട്ടുള്ളതെന്നും അദ്ദേഹം പറഞ്ഞു.

# ജില്ലയിൽ കാത്‌ലാബ് സൗകര്യം ഉടൻ ലഭ്യമാക്കും : മന്ത്രി വീണ ജോർജ്

**ഇടുക്കി:** ജില്ലയിൽ കാത്‌ലാബ് സൗകര്യം ഉടൻ ലഭ്യമാക്കുമെന്ന് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്. 'ആർദ്രം ആരോഗ്യം' പരിപാടിയുടെ ഭാഗമായി തൊടുപുഴ ജില്ലാ ആശുപത്രി സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി. നെടുങ്കണ്ടം താലൂക്ക് ആശുപത്രിയിലും മെഡിക്കൽ കോളേജിലുമാണ് ഉടൻ കാത്‌ലാബ് സൗകര്യം ലഭ്യമാക്കുക. കാരുണ്യ ഫാർമസി സേവനവും ഉടൻ ആരംഭിക്കും. ജില്ലാ ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ട്. അഗ്നിസുരക്ഷാ വകുപ്പിന്റെ മാനദണ്ഡങ്ങളുമായി ബന്ധപ്പെട്ട് ആശുപത്രിയിലെ തടസ്സങ്ങൾ എത്രയും വേഗം നീക്കുമെന്നും മന്ത്രി പറഞ്ഞു.

രാവിലെ 8 മണിയോടെ ആശുപത്രിയിലെത്തിയ മന്ത്രി വാർഡുകളിലെത്തി രോഗികളുമായും കൂട്ടിരിപ്പുകാരുമായും സംസാരിച്ചു. ആരോഗ്യപ്രവർത്തകർ, ജീവനക്കാർ എന്നിവരുമായും ആശയവിനിമയം നടത്തി. അടിയന്തിരമായി പരിഹാരം കാണേണ്ട വിഷയങ്ങളിൽ എത്രയും വേഗം നടപടികൾ സ്വീകരിക്കാൻ അധികൃതർക്ക് മന്ത്രി നിർദേശം നൽകി .

തിങ്കളാഴ്ചയാണ് ആർദ്രം ആരോഗ്യം പരിപാടി ആരംഭിച്ചത്. ഇതിന്റെ ഭാഗമായി ആശുപത്രികളിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്താനും പോരായ്മകൾ പരിഹരിച്ച് സമയബന്ധിതമായി നടപടി സ്വീകരിക്കാനുമാണ് സംസ്ഥാനത്തെ എല്ലാ താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളും മന്ത്രി നേരിട്ട് സന്ദർശിക്കുന്നത്. ആർദ്രം മിഷൻ വിഭാവനം ചെയ്യുന്ന സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ഉറപ്പാക്കുക, നിലവിൽ നൽകുന്ന സേവനങ്ങൾ , പ്രയോജനം വിലയിരുത്തുക, നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്യുക, മാനദണ്ഡപ്രകാരമുള്ള സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്തുക, മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ കാര്യക്ഷമത ഉറപ്പാക്കുക തുടങ്ങിവയാണ് സന്ദർശനത്തിന്റെ ലക്ഷ്യം .

തൊടുപുഴ നഗരസഭ ചെയർമാൻ സനീഷ് ജോർജ്, ത്രിതല ജനപ്രതിനിധികൾ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥർ എന്നിവർ മന്ത്രിയോടൊപ്പം സന്ദർശനത്തിൽ പങ്കെടുത്തു.

# ഇടമലക്കുടിയിൽ 4ജി ടവർ യാഥാർഥ്യമായി

**ഇടുക്കി:** കേരളത്തിലെ ഏക ഗോത്ര വർഗ്ഗ പഞ്ചായത്തായ ഇടുക്കിയിലെ ഇടമലക്കുടിയിൽപട്ടിക വർഗ വികസന വകുപ്പ് അനുവദിച്ച 4.31 കോടി രൂപ ഉപയോഗിച്ച്, ബിഎസ്എൻഎൽ ഫോർ ജി ടവർ ഇടമലക്കുടിയിൽ നിർമ്മാണം പൂർത്തിയാക്കിയതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മൂന്നാറിൽ നിന്നും 40 കിലോമീറ്റർ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിച്ചാണ് കണക്റ്റിവിറ്റി ഒരുക്കിയിട്ടുള്ളത്. ഗതാഗതം, ആരോഗ്യം, വിദ്യാഭ്യാസം, വാർത്താ വിനിമയ സൗകര്യം തുടങ്ങിയവ ഉറപ്പാക്കുന്നതിന് സർക്കാർ വലിയ പ്രാധാന്യമാണ് നൽകി വരുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

24 കുടികളിലായി 106 ചതുരശ്ര കിലോമീറ്റർ വനത്തിനുള്ളിൽ മുതുവാൻ വിഭാഗക്കാരായ 806 കുടുംബങ്ങളാണ് ഇടമലക്കുടിയിലുള്ളത്. ഇവർക്ക് പൊതുസമൂഹവുമായി കൂടുതൽ ഇടപഴകുന്നതിനും മെച്ചപ്പെട്ട ജീവിത സാഹചര്യം ഒരുക്കുന്നതിൻറെയും ഭാഗമായിട്ടാണ് ഇടമലക്കുടിയിലേക്കുള്ള കോൺക്രീറ്റ് റോഡിൻറെ നിർമ്മാണം ഇന്നലെ ആരംഭിച്ചിട്ടുള്ളത്. പെട്ടിമുടി മുതൽ സൊസൈറ്റിക്കുടി വരെ 12.5 കിലോമീറ്റർ ദൂരം വനത്തിലൂടെയാണ് റോഡ് നിർമ്മിക്കുന്നത്. ഇടമലക്കുടി പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ വിദ്യാഭ്യാസ വർഷം ഇടമലക്കുടി ട്രൈബൽ എൽ പി സ്കൂൾ യു പി ആയി ഉയർത്താൻ കഴിഞ്ഞു.

### വിഴിഞ്ഞത്തേക്ക് ഗ്രീൻ ഫീൽഡ് റെയിൽവേ ഇടനാഴി

# അങ്കമാലിശബരി റെയിൽവേക്ക് കേന്ദ്രം വക 100 കോടി

**എരുമേലി:** മലയോര മേഖലകളുടെ വികസനത്തിനായി വിഴിഞ്ഞത്തേക്കു ഗ്രീൻ ഫീൽഡ് റെയിൽവേ ഇടനാഴി വേണമെന്ന ആവശ്യം ശക്തമാകുന്നു. ഇതിനായി അങ്കമാലി ശബരി റെയിൽവേയെ വിഴിഞ്ഞം തുറമുഖത്തേക്കും തലസ്ഥാനത്തേക്കുമുള്ള രണ്ടാമത്തെ റെയിൽവേ ഇടനാഴി എന്ന നിലയിൽ വികസിപ്പിക്കണമെന്നാണ് ആവശ്യം. എരുമേലിയിൽ നിന്നു തിരുവനന്തപുരത്തേക്കു ശബരി റെയിൽ പാത നീട്ടുന്നതിനു റെയിൽവേ സർവേ നടത്തിയിട്ടുണ്ട്.

അങ്കമാലി ശബരി റെയിൽവേയുടെ രണ്ടാം ഘട്ടമായി എരുമേലിയിൽ നിന്നു റാന്നി, പത്തനംതിട്ട, കോന്നി, പത്തനാപുരം, പുനലൂർ, അഞ്ചൽ, കിളിമാനൂർ, വെഞ്ഞാറമൂട്, നെടുമങ്ങാട്, കാട്ടാക്കട നഗരങ്ങളെ ബന്ധിപ്പിച്ച് ബാലരാമപുരത്തേക്കു സമാന്തര റെയിൽവേ നിർമിക്കുമ്പോൾ ശബരി റെയിൽവേ പദ്ധതി വഴി കേരളത്തിനു പുതിയതായി 25 റെയിൽവേ സ്റ്റേഷനുകൾ കൂടി ലഭിക്കും. കിഴക്കൻ മേഖലയിൽ നിന്നുള്ള കാർഷിക ഉൽപന്നങ്ങളായ ഏലം, കുരുമുളക്, റബർ, ഗ്രാമ്പൂ, തുടങ്ങിയവ ദേശീയ രാജ്യാന്തര വിപണികളിൽ എത്തിക്കാൻ തുറമുഖവും സമാന്തര റെയിൽവേ ഇടനാഴിയും സഹായകമാകും.

അങ്കമാലിശബരി റെയിൽവേക്ക് ഈ സാമ്പത്തികവർഷം 100 കോടി രൂപ ബജറ്റിൽ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ശബരി റെയിൽവേയുടെ പുതുക്കിയ എസ്റ്റിമേറ്റ് റെയിൽവേ ബോർഡിന്റെ പരിശോധനയ്ക്കായി ദക്ഷിണ റെയിൽവേ സമർപ്പിച്ചിരിക്കുകയാണ്. നിലവിൽ 8 കിലോമീറ്റർ റെയിൽപാളവും ഒരു കിലോമീറ്റർ നീളമുള്ള പെരിയാർ റെയിൽവേ പാലവും കാലടിയിൽ റെയിൽവേ സ്റ്റേഷനും നിർമിച്ചു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഇടപെടൽ ഉണ്ടെങ്കിൽ പദ്ധതി യാഥാർഥ്യമാകും. കേരളത്തിന്റെ വ്യവസായിക ടൂറിസം മേഖലകളുടെയും വിഴിഞ്ഞം തുറമുഖത്തിന്റെയും വേഗത്തിലുള്ള വളർച്ചയ്ക്കു സഹായകമാകും.



# കോവളം ബേക്കൽ ജലപാത, ആദ്യഘട്ടം മാർച്ചിൽ തുറക്കും

**തിരുവനന്തപുരം:** മുഖ്യമന്ത്രിയും മന്ത്രിമാരും ജില്ലകളിലെത്തി നടത്തുന്ന മേഖലാ അവലോകന യോഗങ്ങളിൽ 845 പ്രശ്നങ്ങൾ തീർപ്പാക്കിയതായി മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. . സംസ്ഥാനതലത്തിൽ പരിഗണിക്കേണ്ട 697ഉം, ജില്ലാതലത്തിൽ പരിഗണിക്കേണ്ട 265ഉം വിഷയങ്ങൾ കണ്ടെത്തിയിരുന്നു. ജില്ലാതലത്തിൽ 263ഉം സംസ്ഥാനതലത്തിൽ 582ഉം എണ്ണം പരിഹരിച്ചു. 115പ്രശ്നങ്ങളിൽ നടപടി ഉടനുണ്ടാവും.കോവളംബേക്കൽ ജലപാതയുടെ ആദ്യഘട്ടമായ ആക്കുളംചേറ്റുവ ഭാഗം അടുത്ത മാർച്ചിൽ സഞ്ചാരയോഗ്യമാകും.വടക്കൻ ജില്ലകളിൽ കനാലുകളുടെ ഭൂമിയേറ്റെടുക്കൽ വേഗത്തിലാക്കും. ദേശീയപാത66 വികസനം സമയബന്ധിതമായി പൂർത്തിയാക്കും.

ഭൂമിയേറ്റെടുക്കൽ പൂർത്തിയായി. കേസുകളുള്ള കെട്ടിടങ്ങൾ പൊളിക്കുന്നതേ ബാക്കിയുള്ളൂ. പുതിയ ദേശീയപാതകളുടെ അവലോകനത്തിന് മരാമത്ത് സെക്രട്ടറിയുടെ ഉന്നതതലയോഗം. മലയോരഹൈവേയുടെ വനംവകുപ്പ് ക്ലിയറൻസ് അപേക്ഷകളിൽ വേഗത്തിൽ തീരുമാനമെടുക്കും. കൊല്ലത്ത് പദ്ധതി പൂർത്തിയായി. കാസർകോട്, തിരുവനന്തപുരം ജില്ലകളിൽ ഉടൻ പൂർത്തിയാവും. തിരുവനന്തപുരം പൊഴിയൂർ കാസർകോട് കുഞ്ചത്തൂർ തീരദേശ ഹൈവേയ്ക്ക് ഭൂമിയേറ്റെടുത്ത് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നു.വയനാട്, കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്ന താമരശേരി ചുരം ബദൽ റോഡായ തുരങ്കപാതയ്ക്ക് ഭൂമിയേറ്റെടുക്കൽ വിജ്ഞാപനമിറക്കി. പാരിസ്ഥിതികാനുമതി .ഇക്കൊല്ലം തന്നെ അനുമതി ലഭ്യമാക്കി ടണലിന് ടെൻഡർ വിളിക്കും. അടുത്ത മാർച്ചിൽ നിർമ്മാണോദ്ഘാടനം നടത്തും. 4വർഷത്തിനകം പൂർത്തിയാക്കും. കണ്ണൂർ കല്യാട്ട് 300കോടി ചെലവിൽ 311ഏക്കറിൽ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിലെ ആശുപത്രിയും മാനുസ്ക്രിപ്ട് സെന്ററും അടുത്ത ജനുവരിയിൽ തീരും.

## എൻഎസ്ഇ ആഗോള നിക്ഷേപ വാരാഘോഷത്തിനു തുടക്കം കുറിച്ചു

**കൊച്ചി:** റിങ് ദി ബെൽ ചടങ്ങുമായി നാഷണൽ സ്റ്റോക് എക്സ്ചേഞ്ച് ആഗോള നിക്ഷേപ വാരാഘോഷത്തിനു തുടക്കം കുറിച്ചു. സെബിയും ഇന്റർനാഷണൽ ഒർഗനൈസേഷൻ ഓഫ് സെക്യൂരിറ്റീസ് കമ്മീഷൻസും ചേർന്നാണ് വാരാഘോഷത്തിനു നേതൃത്വം നൽകുന്നത്.

നിക്ഷേപക വിദ്യാഭ്യാസവും സംരക്ഷണവും ത്വരിതപ്പെടുത്തുകയെന്ന ലക്ഷ്യവുമായാണിതു സംഘടിപ്പിക്കുന്നത്. റിങ് ദി ബെൽ ചടങ്ങിൽ സെബി മുഴുവൻ സമയ അംഗമായ അനന്ത് നാരായൺ ഗോപാലകൃഷ്ണൻ മുഖ്യാതിഥിയായി. നിലവിലുള്ള നിക്ഷേപകർക്കും പുതുതായി എത്താൻ സാധ്യതയുള്ളവർക്കുമായി പ്രാദേശിക ഭാഷകളിലുള്ള വിവിധ ബോധവൽക്കരണ പരിപാടികളാണ് ഈ വർഷത്തെ വാരാഘോഷത്തിന്റെ ഭാഗമായി നടത്തുന്നത്. ആഗോള നിക്ഷേപ വാരാഘോഷം ഒക്ടോബർ 15-ന് സമാപിക്കും.

### വിദ്യാലയങ്ങളിൽ ചലച്ചിത്രോത്സവങ്ങളുമായി എസ് എസ് കെ

**കണ്ണൂർ:** കലാമൂല്യമുള്ള സിനിമകളും ഡോക്യുമെന്ററികളും കണ്ടു മനസിലാക്കാൻ പൊതുവിദ്യാലയങ്ങളിൽ ചലച്ചിത്രോത്സവുമായി സമഗ്രശിക്ഷാ കേരള. ഇതിന്റെ ഭാഗമായി സ്കൂൾതലം മുതൽ ഫിലിം ക്ലബ്ബുകളുടെ രൂപീകരണവും ചലച്ചിത്രോത്സവങ്ങളും നടക്കുകയാണ്. ഒമ്പത് മുതൽ 12 വരെയുള്ള ക്ലാസുകളിലെ 40 അംഗങ്ങളടങ്ങിയതായിരിക്കും സ്കൂൾതല ഫിലിം ക്ലബ്ബുകൾ. സിനിമയെ അടുത്തറിയുക എന്ന ലക്ഷ്യത്തോടെയാണ് ചലച്ചിത്രോത്സവവുമായി സമഗ്രശിക്ഷാ കേരള മുന്നേട്ടുവന്നിരിക്കുന്നത്. അന്തർദേശീയ മേളകളിൽ വളരെയധികം ചർച്ച ചെയ്യപ്പെടുന്നതും കുട്ടികൾ അനിവാര്യമായി കാണേണ്ട ചിത്രങ്ങളാണ് മേളയിൽ പ്രദർശിപ്പിക്കുന്നത്. സ്കൂൾതല ചലച്ചിത്ര മേള ഒക്ടോബർ 15 വരെ നടക്കും. തുടർന്ന് സ്കൂൾതലത്തിൽ ചലച്ചിത്ര നിരൂപണം തയ്യാറാക്കിയതിനുശേഷം ഇതിൽ നിന്നു കുട്ടികളെ ബി ആർ സിതല ചലച്ചിത്രമേളയിലേക്ക് തെരെഞ്ഞെടുക്കും.

## കേരളാ ഐ.ടിയും ഓസ്ട്രേലിയൻ നോർതേൺ ടെറിട്ടറിയുമായുള്ള സഹകരണം: സാധ്യതകൾ ചർച്ചചെയ്തു



തിരുവനന്തപുരം: ഓസ്ട്രേലിയിലെ നോർതേൺ ടെറിട്ടറിയിലെ വ്യവസായ സാധ്യതകളും ഡിജിറ്റൽ ടെക്നോളജിയും അനുബന്ധ ചെറുകിട ഇടത്തരം വ്യവസായങ്ങളുടെയും വളർച്ചയ്ക്ക് വേണ്ട സഹകരണത്തിനായി ടെക്നോപാർക്കിൽ ചർച്ച നടത്തി ഓസ്ട്രേലിയൻ പ്രതിനിധികൾ.

ഓസ്ട്രേലിയ നോർതേൺ ടെറിട്ടറി ഡെപ്യൂട്ടി ചീഫ് മിനിസ്റ്റർ നികോളെ മനിസൺ, ഓസ്ട്രേലിയ നോർതേൺ ടെറിട്ടറി ഗവൺമെന്റ് പ്രതിനിധികൾ, ഓസ്ട്രേലിയൻ കോൺസുലേറ്റ് ചെന്നൈയിൽ നിന്നുള്ള പ്രതിനിധികൾ, ഓസ്ട്രേലിയ നോർതേൺ ടെറിട്ടറി ബിസിനസ് രംഗത്ത് നിന്നുള്ള പ്രതിനിധികൾ എന്നിവരടങ്ങുന്ന സംഘമാണ് കേരളാ ഐ.ടിയും ഓസ്ട്രേലിയൻ നോർതേൺ ടെറിട്ടറിയുമായുള്ള സഹകരണ സാധ്യതകൾ ചർച്ചചെയ്യാൻ ടെക്നോപാർക്കിലെത്തിയത്. ടെക്നോപാർക്കിലെ പാർക്ക് സെന്ററിൽ നടന്ന ചടങ്ങിൽ ഇലക്ട്രോണിക്സ് ആൻഡ് ഐ.ടി വകുപ്പ് സെക്രട്ടറി ഡോ. രത്തൻ യു. ഖേൽകർ സംഘത്തെ കേരളത്തിലേക്ക് സ്വാഗതം ചെയ്യുകയും കേരളത്തെപ്പറ്റിയും കേരള ഐ.ടി എക്കോസിസ്റ്റത്തെപ്പറ്റിയും സംസാരിക്കുകയും ചെയ്തു. ഓസ്ട്രേലിയ നോർതേൺ ടെറിട്ടറി ഡെപ്യൂട്ടി ചീഫ് മിനിസ്റ്റർ നികോളെ മനിസൺ, നോർതേൺ ടെറിട്ടറിയെയും അവിടുത്തെ ബിസ്നസ് അവസരങ്ങളെപ്പറ്റിയും സംസാരിച്ചു.

ചെന്നൈ ഓസ്ട്രേലിയൻ കോൺസുലേറ്റ്, കോൺസൽ ജനറൽ സാറാ കിർലൗ ഡി.ഐ.ടി.ടി സി.ഇ.ഒ ഷോൺ ഡ്രബ്ഷ്, ഇൻവെസ്റ്റ്മെന്റ് കമ്മീഷണർ കെല്ലി റൽസ്റ്റൺ എന്നിവർ തുടർന്ന് സംസാരിച്ചു. കേരളാ ഐ.ടിയെ പ്രതിനിധീകരിച്ച് ടെക്നോപാർക്ക് സി.ഇ.ഒ കേണൽ സഞ്ജീവ് നായർ (റിട്ട.) ഐ.ടി രംഗത്തെപ്പറ്റിയും ടെക്നോപാർക്കിനെ സംബന്ധിച്ചും പ്രതിനിധികൾക്ക് വിവരണം നൽകി. കേരളവും ഓസ്ട്രേലിയ നോർതേൺ ടെറിട്ടറിയും തമ്മിലുള്ള സഹകരണ സാധ്യതകളെപ്പറ്റി തുടർന്ന് ചർച്ച നടന്നു. കെ സ്പെയ്സ് സി.ഇ.ഒ ലോ. ജി. ലെവിൻ, ജി ടെക് സെക്രട്ടറി ശ്രീകുമാർ .വി, ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരളയിൽ നിന്ന് പ്രൊഫ. അലക്സ് ജയിംസ്, ജി ടെക് സി.ഇ.ഒ വിഷ്ണു വി. നായർ, തുടങ്ങിയ ബഹിരാകാശ, ഐ.ടി വ്യവസായ രംഗത്തെ പ്രമുഖർ വിശിഷ്ടാതിഥികളുമായി ചർച്ച നടത്തി. ഊർജ്ജ മേഖല, ഡിജിറ്റൽ ടെക്നോളജി, ബഹിരാകാശം, പ്രതിരോധ മേഖല തുടങ്ങിയവയിലെ സഹകരണ സാധ്യതകൾ ചർച്ചയായി. ചടങ്ങിന് കേരള ഐ.ടി പാർക്ക്സ് ചീഫ് മാർക്കറ്റിങ് ഓഫീസർ മഞ്ജിത്ത് ചെറിയാൻ നന്ദി പറഞ്ഞു.




## ഹോണ്ട സിറ്റി, ഹോണ്ട അമേസ് എന്നിവയുടെ സ്പെഷ്യൽ എഡിഷനുകളുമായി ഹോണ്ട കാർസ്

**ന്യൂഡൽഹി:** പ്രീമിയം കാർ നിർമ്മാതാക്കളായ ഹോണ്ട കാർസ് ഇന്ത്യാ ലിമിറ്റഡ് (എച്ച് സി ഐ എൽ) തങ്ങളുടെ ഇടത്തരം സെഡാൻ കാറായ ഹോണ്ട സിറ്റിയുടെ എലിഗന്റ് എഡിഷൻ, ഹോണ്ട അമേസിന്റെ എലൈറ്റ് എഡിഷൻ എന്നിവ ഉത്സവ സീസണിന്റെ ഭാഗമായി പുറത്തിറക്കുന്നതായി പ്രഖ്യാപിച്ചു.

തീർത്തും വ്യത്യസ്തമായ ഈ പതിപ്പുകൾ പരിമിതമായ എണ്ണം മാത്രമായിരിക്കും വിതരണം ചെയ്യുകയെന്നും മെച്ചപ്പെടുത്തിയ പ്രീമിയം പാക്കേജോടു കൂടി വന്നെത്തുന്ന ഈ പുതിയ പതിപ്പുകൾ എല്ലാ നിറങ്ങളിലും ലഭ്യമാണെന്നും ഹോണ്ട കാർസ് ഇന്ത്യാ ലിമിറ്റഡിന്റെ മാർക്കറ്റിങ് ആന്റ് സെയിത്സ് ഡയറക്ടറായ യുചി മുറാട്ട പറഞ്ഞു, മാന്വൽ ട്രാൻസ്മിഷൻ (എംടി), കണ്ടിന്യുവസ്ലി വേരിയബിൾ ട്രാൻസ്മിഷൻ (സിവി) വേരിയന്റുകളിൽ ഇത് ലഭ്യമായിരിക്കും.

ഹോണ്ട സിറ്റിയുടെ വിഗ്രേഡ്, ഹോണ്ട അമൈസിന്റെ വിഎക്സ്ഗ്രേഡ് എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും പുറത്തിറക്കുന്നത്. സിറ്റിയുടേയും അമേസിന്റേയും മറ്റ് വേരിയന്റുകൾക്ക് പ്രത്യേക ഉത്സവ സീസൺ ഓഫറും കമ്പനി വാഗ്ദാനം ചെയ്യുന്നുണ്ട്.

എംടിയും സിവിടിയും,എൽ ഇ ഡിയോടു കൂടിയ ട്രങ്ക് സ്പോയ്ലർ ,വയർലസ് ചാർജ്ജർ (പ്ലഗ് ആന്റ് പ്ലേ ടൈപ്പ്), ഫ്രണ്ട് ഫെൻഡർ ഗാർണിഷ്, എലിഗന്റ് എഡിഷൻ സീറ്റ് കവർസ്ലീക്ക് സ്റ്റെപ്പ് ഇലുമിനേഷൻ, എലിഗന്റ് എഡിഷൻ ബാഡ്ജ്,ലഗ്ഗ് റൂം ലാമ്പ് തുടങ്ങിയവയാണ് ഹോണ്ട സിറ്റി എലിഗന്റ് എഡിഷൻ പ്രധാന സവിശേഷതകൾ.

## അഗ്രികൾച്ചർ ട്രാക്ടറുകൾക്ക് രജിസ്ട്രേഷൻ അനുവദിച്ചു

**തിരുവനന്തപുരം:** ട്രെയിലറുകൾ ഘടിപ്പിച്ച അഗ്രികൾച്ചർ ട്രാക്ടറുകൾക്ക് സ്വകാര്യ വാഹനമായി രജിസ്ട്രേഷൻ നൽകാൻ അനുമതി നല്കികയതായി മന്ത്രി ആന്റണി രാജു അറിയിച്ചു. കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന ട്രാക്ടറുകളിൽ ട്രെയിലർ ഘടിപ്പിക്കുമ്പോൾമാനദണ്ഡങ്ങൾ പാലിക്കുന്നില്ല എന്ന കാരണത്താൽ രജിസ്ട്രേഷൻ അനുവദിക്കുന്നില്ല. പാലക്കാട് നടന്ന അദാലത്തിൽ കർഷക സംഘടനകൾ ആവശ്യം ഉന്നയിച്ചതിനെ തുടർന്നാണ് നടപടി.സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ അംഗീകാരം നേടിയ ഭാരം കുറഞ്ഞ ട്രെയിലറുകളും കേന്ദ്രസർക്കാർ അംഗീകാരം ലഭിച്ച ഭാരം കൂടിയ ട്രെയിലറുകളും കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ട്രാക്ടറുകളിൽ ഘടിപ്പിച്ച് നേരാണ് ട്രാൻസ്പോർട്ട് വാഹനങ്ങൾ ആയി രജിസ്റ്റർ ചെയ്യാവുന്നതാണ്.


